*15-10-2026*

*Question Hour*

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ചോദ്യം നമ്പർ (*91)

## ഡിജിറ്റൽ റീസർവെ

1(*91) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഡിജിറ്റൽ റീസർവെ പദ്ധതിയുടെ ഭാഗമായി നിലവിൽ എത്ര വില്ലേജുകളിൽ സർവെ പൂർത്തിയായി; എത്ര വില്ലേജുകളിൽ നടപടികൾ പുരോഗമിക്കുന്നു; എത്ര വില്ലേജുകളിൽ നടപടികൾ നിർത്തിവച്ചിരിക്കുന്നു എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ജില്ലകളിലോ വില്ലേജുകളിലോ ഡിജിറ്റൽ റീസർവെ പ്രവർത്തനങ്ങൾ താൽക്കാലികമായോ പൂർണ്ണമായോ നിർത്തിവയ്ക്കാൻ സർക്കാർ അല്ലെങ്കിൽ സർവെ വകുപ്പ് നിർദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

*15-10-2026*

*Question Hour*

(സി) ഡിജിറ്റൽ സർവെയിലൂടെ ഒരു വ്യക്തിയുടെ കൈവശം കണ്ടെത്തുന്ന തർക്കമില്ലാത്തതും സർക്കാർ പുറമ്പോക്കല്ലാത്തതുമായ ഭൂമിക്ക് കൈവശക്കാരന് ഉടമസ്ഥാവകാശം നിശ്ചയിച്ച് നൽകുന്നതിന് നിയമസഭ പാസാക്കിയ സെറ്റിൽമെന്റ് ആക്റ്റ് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ; അധിക കൈവശ ഭൂമിക്ക് ഉടമസ്ഥാവകാശം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഡിജിറ്റൽ റീസർവെയുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്ന താൽക്കാലിക ജീവനക്കാരെ നിലവിൽ ജോലിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണവും വിശദവിവരങ്ങളും അറിയിക്കുമോ;

(ഇ) താൽക്കാലിക ജീവനക്കാരെ ഒഴിവാക്കിയതിന്റെ ഫലമായി ഡിജിറ്റൽ റീസർവെ പദ്ധതിയിൽ നിലവിൽ പ്രതിസന്ധിയുണ്ടായിട്ടുണ്ടോ; എങ്കിൽ സർവെ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള

പകരം സംവിധാനങ്ങൾ അല്ലെങ്കിൽ അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, (എ) സംസ്ഥാനത്ത് 839 വില്ലേജുകളിലാണ് ഡിജിറ്റൽ സർവെ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഇതിൽ 266 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 120 വില്ലേജുകളിൽ 9(2) സെക്ഷൻ പ്രകാരമുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 214 വില്ലേജുകളിൽ വിവിധ ഘട്ടങ്ങളിലായി ഫീൽഡ് സർവെ നടപടികൾ പുരോഗമിച്ചുവരികയുമാണ്. 239 വില്ലേജുകളിൽ ഡിജിറ്റൽ സർവെ സംബന്ധിച്ച പ്രാഥമിക ജോലികൾ ആരംഭിച്ചിട്ടുണ്ട്.

ഡിജിറ്റൽ സർവെയിലുണ്ടായ പരാതികൾ പരിഹരിക്കുന്നതിനും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഡിജിറ്റൽ സർവെയുടെ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു.

*15-10-2026*

*Question Hour*

(ബി) ഏതെങ്കിലും ജില്ലകളിലോ വില്ലേജുകളിലോ ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ താൽക്കാലികമായോ പൂർണ്ണമായോ നിർത്തിവയ്ക്കാൻ നിർദേശം നൽകിയിട്ടില്ല. എന്നാൽ, ഡിജിറ്റൽ സർവെയ്ക്കുള്ള ഫണ്ട് റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ നിന്നാണ് ലഭ്യമാക്കിയിരുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെച്ചിരുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ആവശ്യമായ ഭരണ സാമ്പത്തിക ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 2026 നവംബർ 1 മുതൽ 'ഡിജിറ്റൽ സർവെ 2.0' എന്ന പേരിൽ പദ്ധതി പുനരാരംഭിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 വിജ്ഞാപനം പുറപ്പെടുവിച്ച വില്ലേജുകളിലെ ഭൂവുടമകളുടെ കൈവശഭൂമിയുടെ വിസ്തീർണ്ണത്തിൽ ആധാരത്തിലുള്ളതിനേക്കാൾ സംഭവിച്ചിട്ടുള്ള വിസ്തീർണ്ണ വ്യത്യാസം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ചിട്ടുള്ള ബിൽ ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

*15-10-2026*

*Question Hour*

(ഡി) ഡിജിറ്റൽ റീസർവെയുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്ന 570 കരാർ ഹെൽപ്പർമാർ ഒഴികെയുള്ള താൽക്കാലിക ജീവനക്കാരെ 01-08-2026 മുതൽ ഒഴിവാക്കിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയാണ് ഡിജിറ്റൽ സർവെ പദ്ധതി നടപ്പിലാക്കിവന്നിരുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽനിന്നുള്ള ധനസഹായം ലഭ്യമാകാതിരുന്നതിനാലാണ് ഡിജിറ്റൽ സർവെ താൽക്കാലികമായി നിലയ്ക്കാൻ കാരണമായത്. ഡിജിറ്റൽ സർവെയിലുണ്ടായ പരാതികൾ പരിഹരിച്ച് കുറ്റമറ്റതാക്കിക്കൊണ്ട് 2026 നവംബർ 1 മുതൽ 'ഡിജിറ്റൽ സർവെ 2.0' എന്ന പേരിൽ പദ്ധതി പുനരാരംഭിക്കുന്നതാണ്.

(ഇ) താൽക്കാലിക ജീവനക്കാരെ ഒഴിവാക്കിയെങ്കിലും വകുപ്പിലെ ജീവനക്കാരെ ഉപയോഗിച്ച് ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 'ഡിജിറ്റൽ സർവെ 2.0' എന്ന പേരിൽ പദ്ധതി നവംബർ 1 മുതൽ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ മുൻകാല കുടിശ്ശികകൾ തീർക്കുന്നതിനായി 17.20 കോടി രൂപയും പ്രവർത്തനങ്ങൾ

തടസ്സമില്ലാതെ നടക്കുന്നതിന് പ്രതിമാസ ചെലവുകൾക്കായി 6.80 കോടി രൂപയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിലെ പരാതികളിൽ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 81421 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ 97524 അപേക്ഷകളിൽ സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ലഭിച്ച 184804 അപേക്ഷകളിൽ 105957 അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കി. അവശേഷിക്കുന്ന 58643 അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതി നടപ്പിലാക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിരുന്നു; അവർ ഇപ്പോഴും തുടരുന്നുണ്ടോ; കഴിഞ്ഞ ആറുമാസക്കാലമായി ഇവർ തുടരുന്നില്ലായെന്നതിന്റെ ഭാഗമായി ഡിജിറ്റൽ സർവെയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലായിട്ടുണ്ടോ; വിശദമാക്കാമോ?

*15-10-2026*

*Question Hour*

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഡിജിറ്റൽ സർവെയുടെ ഭാഗമായി സർവെയർമാരെയും താൽക്കാലിക ഹെൽപ്പർമാരെയും ഉൾപ്പെടെ നിയമിച്ചിരുന്നു. കഴിഞ്ഞ സെപ്റ്റംബർ 1-ാം തീയതി വരെ അവരുടെ സേവനം വിനിയോഗിച്ചിരുന്നു. ഇപ്പോൾ അവരുടെ സേവനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഈ നവംബർ 1 മുതൽ ഡിജിറ്റൽ സർവെ 2.0 ആരംഭിക്കാൻ പോകുകയാണ്. പുതിയ താൽക്കാലിക സർവെയർമാരുടെയും ഹെൽപ്പർമാരുടെയും സഹായം ലഭ്യമാക്കിക്കൊണ്ട് ഈ പദ്ധതിയുമായി മുന്നോട്ടുപോകും.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ദീർഘകാലമായി സർക്കാർ ഭൂമി കൈവശം വച്ച് വീട് വച്ച് താമസിക്കുന്ന നിരവധി ആളുകളാണുള്ളത്. കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക് എന്നൊക്കെ പറയുന്നുണ്ടെങ്കിലും ഇവിടെ കുളവും തോടും ഇല്ലാത്ത അവസ്ഥയാണ്. പി.ഡബ്ല്യൂ.ഡി. പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെയും റീഹാബിലിറ്റേഷനാവശ്യമായ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ഇത്തരത്തിൽ പുറമ്പോക്കുകളിൽ

താമസിക്കുന്നവരെ തുടർന്നും താമസിപ്പിക്കുന്നതിനും അർഹമായവർക്ക് പട്ടയം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, തീർച്ചയായും വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹു. അംഗം ഉന്നയിച്ചത്. പട്ടയം നൽകുന്ന കാര്യത്തിലൂൾപ്പെടെ നമുക്ക് അനുഭവപ്പെടുന്ന പ്രയാസം വളരെ വലുതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, റോഡ്, കുളം, കായൽ, തോട്, വഴി എന്നീ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചുവരുന്ന ആളുകൾക്ക് പട്ടയം നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. തീർച്ചയായും ഈ വിഷയം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. നിയമക്കുരുക്കുകളുണ്ടെങ്കിൽ അത് ഒഴിവാക്കിക്കൊണ്ട് പരമാവധി ആളുകൾക്ക് പട്ടയം നൽകാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഡിജിറ്റൽ സർവെ നടന്ന സ്ഥലങ്ങളിൽ ധാരാളം പരാതികളുണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ്

സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്; സാങ്കേതിക പ്രശ്നങ്ങളുടെ പരിജ്ഞാനക്കുറവും ജീവനക്കാരുടെ അനുഭവക്കുറവും ഇതിനെ ബാധിച്ചിട്ടുണ്ടെന്നാണ് കരുതുന്നത്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഡിജിറ്റർ സർവെയുടെ രണ്ടാംഘട്ടം 2026 നവംബർ 1-ന് ആരംഭിക്കുമെന്ന് അങ്ങ് പറഞ്ഞിരുന്നു. പരിശീലനം ലഭിച്ച താൽക്കാലിക ജീവനക്കാരെയും സർവെയർമാരെയുമാണ് ഇപ്പോൾ പിരിച്ചുവിട്ടത്. ഇനിവരുന്ന ആളുകൾക്ക് പരിശീലനം നൽകി ഇത് ചെയ്യുമ്പോൾ സ്വാഭാവികമായും കൂടുതൽ സാങ്കേതിക പിഴവുകളിലേക്ക് പോകുകയാണ് ചെയ്യുന്നത്. അതിനാൽ മുൻ ജീവനക്കാരിൽ അനുഭവസമ്പത്തുള്ളവരെ ജോലിയിൽ നിയമിക്കാൻ സാധിക്കുമോയെന്നുകൂടി വ്യക്തമാക്കുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, ഡിജിറ്റർ സർവെയുമായി ബന്ധപ്പെട്ട് ഏതാണ്ട് 180000-ത്തോളം പരാതികളാണ് വന്നിട്ടുള്ളത്. നൂറുദിന കർമ്മപരിപാടിയിൽ ഇത്തരത്തിലുള്ള ഏകദേശം 25000 പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നാണ് ഞങ്ങൾ പറഞ്ഞിരുന്നത്. എന്നാൽ,

ഏകദേശം 80000-ത്തോളം പരാതികൾ പരിഹരിക്കാൻ 100 ദിവസത്തിനുള്ളിൽ കഴിഞ്ഞു. ബാക്കിവരുന്നവയും അടിയന്തര പ്രാധാന്യത്തോടുകൂടി പരിഹരിക്കാനുള്ള നടപടികളുണ്ടാകും. അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യം, ഡിജിറ്റൽ സർവെയുടെ രണ്ടാം ഘട്ടം ആരംഭിക്കുമ്പോൾ സർവെയർമാരുടെ സേവനവും പരിചയവും പുതിയ ഘട്ടത്തിലും വിനിയോഗിക്കുന്നകാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> സർ, റെയിൽവെ, റോഡ്, വ്യവസായ ഇടനാഴികൾ തുടങ്ങിയ വികസന ആവശ്യങ്ങൾക്കായി ഭൂമിയേറ്റെടുക്കുന്നതിന് ഡിജിറ്റൽ കഡസ്ട്രൽ സർവെ അടിസ്ഥാനമാക്കി ലാൻഡ് പാഴ്സൽ മാപ്പുകൾ പ്രസിദ്ധീകരിക്കുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം, നഷ്ടപരിഹാരം, പോക്കുവരവ് എന്നിവ സംബന്ധിച്ച തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

*15-10-2026*

*Question Hour*

<u>ശ്രീ. എ. പി. അനിൽകുമാർ:</u> സർ, ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട് വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. ഇത് ഏതെങ്കിലും വ്യക്തികളുടെ മാത്രം പ്രശ്നമല്ല. വ്യവസായ ഇടനാഴികൾക്കും വലിയ പ്രോജക്ടുകൾക്കും സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിക്കുകയും പരിഹരിക്കാനുള്ള നടപടി സ്വികരിക്കുകയും ചെയ്യും.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, കേരളത്തിന്റെ ഭൂപ്രശ്നങ്ങളെ വളരെ ശാസ്ത്രീയമായും സാമൂഹികമായും അഡ്രസ് ചെയ്യാനുള്ള ഒരു വലിയ പദ്ധതിയാണ് കഴിഞ്ഞ സർക്കാർ ആരംഭിച്ച ഡിജിറ്റൽ റീസർവെ. വാസ്തവത്തിൽ ഇത് കേരളത്തിന്റെ ഒരു പ്രതീക്ഷയായിരുന്നു. ഭൂപ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടാണ് കേരളം വളർന്നത്. വർത്തമാനകാല ഭൂപ്രശ്നങ്ങളെ പരിഹരിക്കുവാനുള്ള ഒരു ഇടപെടൽ കേരളത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ജനങ്ങളുടെ പ്രതീക്ഷ ഇപ്പോൾ മങ്ങിയിരിക്കുകയാണ്. കാരണം, ഡിജിറ്റൽ റീസർവെ പദ്ധതി നിർത്തിവച്ചിരിക്കുകയാണ്. അത് തുടരുമെന്നാണ് അങ്ങ് പറയുന്നത്.

ഡിജിറ്റൽ സർവെ എന്തുകൊണ്ടാണ് നിർത്തിയതെന്ന് പരിശോധിച്ചിട്ടുണ്ടോ; എന്തുകൊണ്ടാണ് നിർത്തിയതെന്ന് അറിഞ്ഞാൽ മാത്രമേ അത് പരിഹരിച്ച് തുടരാൻ കഴിയുകയുള്ളൂ. ബജറ്റിൽ അതിന് തുക വകയിരുത്തിയിട്ടുണ്ടോ; സോഫ്റ്റ്വെയറിലോ ടെക്നോളജിയിലോ ജനകീയതയിലോ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഒരു ദാർശനിക പദ്ധതി എന്ന രീതിയിൽ കണ്ടുകൊണ്ട് കേരളത്തിന്റെ പ്രധാനപ്പെട്ട ഈ പദ്ധതി തുടരുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ:</u> സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഈ പദ്ധതി നിർത്തിയത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന് വ്യക്തമായ രണ്ട് ഉത്തരങ്ങളാണുള്ളത്. ഒന്നാമത്തെ കാര്യം, ആർ.കെ.ഐ. (Rebuild Kerala Initiative)-യുമായി ബന്ധപ്പെട്ട് ഫണ്ട് പ്രൊവൈഡ് ചെയ്തതാണ്. ഏകദേശം 503 കോടി രൂപ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയാണ് ഈ പ്രോഗ്രാം ആരംഭിച്ചത്. പുതിയ ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ ആ ഫണ്ട് പൂർണ്ണമായും ചെലവഴിച്ചുകഴിഞ്ഞിരുന്നു. ഏകദേശം 3 മാസക്കാലത്തെ കുടിശ്ശിക നൽകാനുമുണ്ടായിരുന്നു. മുൻ സർക്കാരിന്റെ ബജറ്റിൽ ഇതിനായി അനുവദിച്ചത് 17 കോടി രൂപ മാത്രമായിരുന്നു. പുതിയ ഗവൺമെന്റ് വന്നപ്പോഴും സമാനമായ ഫണ്ടാണ് വച്ചത്. പുതിയ ഗവൺമെന്റ് അധികാരത്തിൽവന്ന് ഒരു മാസം കഴിഞ്ഞപ്പോഴാണ് താൽക്കാലിക ജീവനക്കാർക്ക് 4 മാസത്തെ ശമ്പളം നൽകിയത്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഡിജിറ്റൽ റീസർവെ പദ്ധതി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. രണ്ടാമത്തെ കാര്യം, ആർ.കെ.ഐ.-ൽ ഇതുമായി ബന്ധപ്പെട്ട് കുറെയേറെ പരാതികൾ ലഭിച്ചിരുന്നു. രണ്ടാംഘട്ടം ആരംഭിക്കുന്നതിന് മുൻപ് എന്തുകൊണ്ടാണ് പരാതികൾ വന്നത് എന്നതിനെക്കുറിച്ച് പഠിക്കേണ്ടതുണ്ട്. ഡിജിറ്റൽ സർവെ നിർത്തിവച്ചത് യഥാർത്ഥത്തിൽ നേട്ടമായി കാണുകയാണ്. താൽക്കാലികമായി 2 മാസം നിർത്തിവച്ച് കാര്യങ്ങൾ പരിശോധിച്ചപ്പോൾ പരിചയസമ്പത്തിന്റെ കുറവുകൊണ്ടല്ല, പല വീടുകളിലും സർവെയർമാർ ചെല്ലുമ്പോൾ

വീട്ടുടമസ്ഥർ ഇല്ലാത്ത സാഹചര്യമാണ്. അവിടെ വീണ്ടും പോകാതെ ആദ്യം പോകുമ്പോൾത്തന്നെ അളവെടുത്ത് പോരുന്നു. രണ്ടും മൂന്നും പേരുടെ സ്വത്ത് ഒരുമിച്ച് സർവെ നടത്തുന്ന സാഹചര്യം വന്നിട്ടുണ്ട്. അതിനാൽ രണ്ട് മാസക്കാലയളവിനുള്ളിൽത്തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിക്കുകയും നിലവിലെ കുടിശ്ശിക തീർക്കാനുള്ള ഫണ്ട് ഫിനാൻസ് വകുപ്പ് അനുവദിക്കാമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. രണ്ട് മാസത്തെ കുടിശ്ശിക കൊടുത്തുകഴിഞ്ഞു. രണ്ട് മാസത്തെ കുടിശ്ശിക കൂടി ഉടൻ നൽകുന്നതാണ്. ഇനിയുള്ള സർവെയ്ക്ക് ആവശ്യമായ പണം ഓരോ മാസവും അനുവദിക്കുമെന്ന് ധനകാര്യ വകുപ്പുകൂടിയായ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച വന്നിട്ടുണ്ട്. പല വീടുകളിലും ഉടമസ്ഥർ വിദേശത്തായതുകൊണ്ട് ആളില്ലാതെ പൂട്ടിക്കിടക്കുന്ന സാഹചര്യമാണ്. സർവെയ്ക്ക് പോകുമ്പോൾ ഒരു വീട്ടിൽ ആളില്ലെങ്കിൽ അവിടെ രണ്ടാമത് ഒന്നുകൂടി പോകാതെ അന്നുതന്നെ അളവെടുത്ത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കി. അത്തരം കാര്യങ്ങളിൽ പ്രത്യേകം സംവിധാനവും പരിശീലനവും നൽകുന്നത് ആലോചിക്കാൻ

സമയം ലഭിച്ചു. ഈ രണ്ട് കാര്യങ്ങളും പരിഹരിച്ച് 2026 നവംബർ ഒന്നാം തീയതി മുതൽ രണ്ടാംഘട്ട പദ്ധതിയുമായി മുന്നോട്ടുപോകും.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, എറണാകുളം ജില്ലയിൽ ഏകദേശം 54860 ഭൂമി തരംമാറ്റ അപേക്ഷകൾ പെൻഡിങ്ങിലാണ്. എന്റെ താലൂക്കിൽ 13800 അപേക്ഷകൾ പെൻഡിങ്ങിലായത് അടിയന്തരമായി പരിഹരിക്കാൻ മന്ത്രിയുടെ ഇടപെടൽ ആവശ്യമാണെന്നാണ് സൂചിപ്പിക്കാനുള്ളത്. ഡിജിറ്റൽ സർവെ ഫൈനലൈസ് ചെയ്ത വില്ലേജുകളിൽ അതിനുമുമ്പ് നൽകിയ ഭൂമി തരംമാറ്റ അപേക്ഷകൾ ആർ.ഡി.ഒ. അപ്രൂവ് ചെയ്താലും താലൂക്ക് ഓഫീസിൽ അപ്രൂവ് ചെയ്യാൻ കഴിയുന്നില്ല. ഡിജിറ്റൽ സർവെ കഴിയുമ്പോൾ ഏരിയ വ്യത്യാസമുള്ള കേസുകളിലും താലൂക്ക് ഓഫീസിന് അപ്രൂവ് ചെയ്യാൻ സാധിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് മൊഡ്യൂൾ കറക്ട് ചെയ്യേണ്ടതുണ്ട്. ബഹു. മന്ത്രി ഇടപെട്ട് ഈ വിഷയം അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

*15-10-2026*
*Question Hour*

ശ്രീ. എ. പി. അനിൽകുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് രണ്ടര ലക്ഷത്തോളം പരാതികളുണ്ടായിരുന്നു. 2022-ൽ ഒരു പ്രത്യേക സ്കീം തയ്യാറാക്കി ഇത് പെട്ടെന്ന് കൊടുക്കണമെന്ന് കഴിഞ്ഞ ഗവൺമെന്റും തീരുമാനമെടുത്തിരുന്നതായി ഫയലിൽ കണ്ടിരുന്നുവെങ്കിലും ഈ ഗവൺമെന്റ് വന്നുകഴിഞ്ഞപ്പോൾ രണ്ടര ലക്ഷത്തോളം പരാതികൾ പരിഹരിക്കാനുണ്ടായിരുന്നു. അതിൽ ഇരുപത്തയ്യായിരത്തോളം തരംമാറ്റ പരാതികൾ 100 ദിവസം കൊണ്ട് പരിഹരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ നൂറുദിന കർമ്മപരിപാടിയിൽ അമ്പത്തിയൊന്നായിരത്തോളം പരാതികൾ പരിഹരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. അതോടൊപ്പം അടുത്ത ഒരു വർഷം കൊണ്ട് പരമാവധി അപേക്ഷകൾ പരിഹരിക്കാനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതാണ്. 2022 മുതൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിഹരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട്, ഭൂമിയുടെ വിസ്തീർണ്ണത്തിൽ വരുന്ന വ്യത്യാസമുൾപ്പെടെയുള്ള കാര്യങ്ങൾ

പരിഹരിക്കാനുള്ള നടപടികളും ഉത്തരവുകളും ഗവൺമെന്റിലുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒരു ആക്റ്റ് ഗവർണ്ണറുടെ അംഗീകാരത്തിനുവേണ്ടി അയച്ചത് തിരിച്ചുവന്നിട്ടില്ല. അത് തിരിച്ചുവരാത്ത സാഹചര്യത്തിൽ താൽക്കാലികമായിട്ടാണെങ്കിലും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുമുണ്ടാകും.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഡിജിറ്റൽ സർവെ കഴിയുമ്പോൾ ചില ഭൂമിയുടെ അളവിൽ വലിയ വ്യത്യാസം വരുന്നുണ്ട്. അതിനാൽ പല വില്ലേജ് ഓഫീസർമാരും നികുതി സ്വീകരിക്കാൻ തയ്യാറാകാത്തത് പലർക്കും അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾ നടത്തുന്നതിന് വലിയ തടസ്സമായി വരികയാണ്. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ; നികുതി സ്വീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് സൂചിപ്പിച്ച കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ സർവെയിൽ ഭൂമിയുടെ വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നതിന്റെ

അടിസ്ഥാനത്തിൽ നികുതി സ്വീകരിക്കാതിരിക്കരുതെന്ന് കർശനമായ നിർദേശം നൽകിയിട്ടുണ്ട്. പക്ഷെ, നിയമമനുസരിച്ചായിരിക്കും ആത്യന്തികമായ കാര്യം തീരുമാനിക്കുക. നിയമ വിധേയമായി താൽക്കാലികമായി നികുതി സ്വീകരിക്കണമെന്ന നിർദേശം നൽകിയിട്ടുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, 2021-ൽ ആരംഭിച്ച ഡിജിറ്റൽ സർവെ താൽക്കാലികമായ ചില പ്രയാസങ്ങൾ കാരണം നിർത്തിവച്ചെങ്കിലും രണ്ടാമത് ആരംഭിക്കുന്നത് നല്ല കാര്യമാണ്. ഇതിലൂടെ ജനങ്ങൾക്ക് വസ്തുസംബന്ധമായ കാര്യങ്ങൾ കൃത്യമായി അറിയാൻ കഴിയും. പരാതി പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കുകയും വളരെ വേഗത്തിൽ 65000 പരാതികൾ നൂറുദിന കർമ്മ പരിപാടിയിലൂടെ പരിഹരിക്കുകയും ചെയ്തത് നല്ല കാര്യമാണ്. ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് അവബോധത്തിന്റെ/അറിവിന്റെ കുറവുണ്ടെന്ന് അങ്ങുതന്നെ സൂചിപ്പിച്ചു. അതുകൊണ്ട് വന്യ ഡിപ്പാർട്ട്മെന്റിന്റെ ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ (IEC) പ്രോഗ്രാം

ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനും സോഷ്യൽ മീഡിയ വഴി പ്രചാരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് ജോലികൾക്ക് **outcome** നിശ്ചയിച്ചിട്ടുണ്ട്. ഇത്ര സമയത്തിനകം ഇത്ര ജോലി പൂർത്തീകരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അത് നിർബന്ധപൂർവമായി ചെയ്യേണ്ടിവരുമ്പോൾ ഈ പറഞ്ഞ അപാകതകൾ വരാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഉദ്യോഗസ്ഥന്മാർക്ക് കൃത്യമായ നിർദേശം നൽകി ഡിജിറ്റൽ സർവെയിലെ അപാകതകൾ പരിഹരിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, തീർച്ചയായും. ഈയൊരു പദ്ധതി ആരംഭിച്ചപ്പോൾ ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ വേണ്ടത്ര ജാഗ്രതയുണ്ടായിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. ബഹു. എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഉദ്യോഗസ്ഥന്മാർക്കും ജനങ്ങൾക്കുമമായി IEC പ്രോഗ്രാം സർക്കാർ ആരംഭിക്കുന്നുണ്ട്. സർവെ ഉദ്യോഗസ്ഥർ ചെല്ലുമ്പോൾ ജനങ്ങൾ സഹകരിക്കണമെങ്കിൽ അവർക്ക് അതിനെക്കുറിച്ച് അവബോധവും

ഉപകാരപ്രദമായ പദ്ധതിയാണെന്ന തിരിച്ചറിവുമുണ്ടാകണം. അതിനുവേണ്ടി സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോമുകളിലൂടെ സമഗ്രമായ പ്രചരണ പരിപാടികൾ നടത്തേണ്ടതുണ്ട്. നിലവിൽ ഒരു ലക്ഷത്തി എൺപതിനായിരം പരാതികളുണ്ട്; അതിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടില്ല. പലരും ഇതുമായി സഹകരിക്കാത്തതാണ് പരാതികളുണ്ടാകാൻ കാരണം. അതുകൊണ്ട് ഡിജിറ്റൽ സർവെ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാമൂഹ്യമാധ്യമങ്ങളുൾപ്പെടെ വിനിയോഗിച്ചുകൊണ്ട് വലിയരീതിയിലുള്ള പ്രചരണം നടത്തും. ജനങ്ങളുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങളും കഴിഞ്ഞ ഗവൺമെന്റിന്റെ ആരംഭകാലത്തുണ്ടായിട്ടുള്ള വീഴ്ചകൾ പരിഹരിക്കുന്നതും സംബന്ധിച്ച നിർദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ്.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ഭൂമിയുടെ എല്ലാ വിവരങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി 2016 മുതൽ കേന്ദ്രസർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി

സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ആറുകോടി ഇരുപത്തിയാറ് ലക്ഷത്തിലധികം ഗ്രാമങ്ങളിൽ ഭൂവുടമസ്ഥ രേഖകളെ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് DILRMP 3.0-യിലേക്ക് കടന്നിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് 2026 സെപ്തംബർ 10-ാം തീയതി കേന്ദ്ര സർക്കാർ പുതിയ മാർഗരേഖകൾ പുറത്തിറക്കിയിട്ടുണ്ട്. ഒരു സംയോജിത ഡിജിറ്റൽ ഭൂവിവര സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഭൂമിയുടെ പേരിലുണ്ടാകുന്ന തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തുക, ഭൂമിക്കുവേണ്ടി 14 അക്കങ്ങളുള്ള പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകുക തുടങ്ങിയ കാര്യങ്ങൾ കേന്ദ്രം ചെയ്യുന്നുണ്ട്. ഇവിടെ ബഹുമാന്യരായ പല അംഗങ്ങളും, ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ട തർക്കങ്ങളുണ്ടാകുന്നു, സംശയങ്ങളുണ്ടാകുന്നു എന്നൊക്കെ ചൂണ്ടിക്കാണിച്ചു. ഭൂവുടമകൾക്ക് ഡിജിറ്റൽ ഭൂപടങ്ങൾ പരിശോധിക്കാനും പിഴവുകൾ തിരുത്താനും അപേക്ഷിക്കാനുമുള്ള ലളിതമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

*15-10-2026*

*Question Hour*

കേന്ദ്രസർക്കാരിന്റെ DILRMP പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് കേന്ദ്ര സഹായം ലഭിക്കാനുള്ള ശ്രമങ്ങൾ നടത്തുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, കേരളം മാത്രമാണ് ഭൂരേഖയുടെ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട കാര്യത്തിൽ വളരെയേറെ മുന്നോട്ടുപോയിട്ടുള്ള ഏക സംസ്ഥാനം. അതോടൊപ്പം അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ, ജനങ്ങൾ കൂടുതൽ അവരുടെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിനുവേണ്ടി 24x7 AI ചാറ്റ്ബോട്ട് സംവിധാനം നൂറുദിന കർമപരിപാടിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ അതിനോട് ചോദിച്ചുകഴിഞ്ഞാൽ കൃത്യമായ ഉത്തരങ്ങൾ ലഭിക്കും. അത് കൂടുതൽ അപ്ഡേറ്റ് ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ആലോചിക്കുകയാണ്. അതുപോലെതന്നെ എല്ലാ ഭൂരേഖകളും ഒരു കാർഡിലാക്കുന്ന സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ പേരിൽ എവിടെയെല്ലാം ഭൂമിയുണ്ട്, അതിന്റെ വ്യാപ്തിയെത്ര എന്നൊക്കെ അറിയാൻ കഴിയുന്ന ലാൻഡ് ഐ.ഡി. കാർഡ് നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്.

*15-10-2026*
*Question Hour*

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കഴിഞ്ഞ ഗവൺമെന്റ് ഭൂപരിഷ്കരണത്തിന്റെ ഭാഗമായി വന്നിട്ടുള്ള പാട്ടഭൂമികളിലും ദേവസ്വം ഭൂമികളിലുമൊക്കെയാണ് കൂടുതലായി പട്ടയം നൽകിയത്. ഇറിഗേഷൻ പുറമ്പോക്ക്, പി.ഡബ്ല്യൂ.ഡി. പുറമ്പോക്ക് ഉൾപ്പെടെയുള്ള ഭൂമികളിൽ തലമുറകളായി താമസിക്കുന്ന നിരവധിയാളുകൾ പട്ടയത്തിനായി താലൂക്ക് ഓഫീസിൽ കയറിയിറങ്ങുന്ന സ്ഥിതിയാണ്. എന്റെ മണ്ഡലത്തിൽ നിരവധിയാളുകൾ ഇത്തരം പട്ടയങ്ങൾക്കുവേണ്ടി കാത്തുനിൽക്കുകയാണ്. അത്തരം ആളുകളുടെ ന്യായമായ ആവശ്യം പരിഗണിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ 5000 പേർക്ക് പട്ടയം കൊടുക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും 10699 പട്ടയങ്ങൾ നൂറ് ദിവസം കൊണ്ട് കൊടുക്കാൻ കഴിഞ്ഞു. അദ്ദേഹം സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ പലപ്പോഴും 5 സെന്റും 10 സെന്റും ഭൂമിക്കുവേണ്ടി വർഷങ്ങളോളം കാത്തിരിക്കേണ്ട സ്ഥിതി

വരികയാണ്. അതുകൊണ്ടുതന്നെ ഇനിയുള്ള നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിലുള്ളവർ, പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, അപേക്ഷപോലും നൽകാത്ത ആദിവാസി വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ എന്നിവർക്ക് പട്ടയം നൽകുന്നതിന് നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, ഡിജിറ്റൽ റീ-സർവെ ആരംഭിച്ചതുതന്നെ ഗ്രാമസഭകളിലൂടെ ഈ പ്രശ്നം ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കാനുള്ള ശ്രദ്ധേയമായ ഒരു ചടങ്ങിലൂടെയാണ്. യഥാർത്ഥത്തിൽ നമ്മുടെ ലക്ഷ്യം ഒരു കൺക്ലൂസീവ് ടൈറ്റിലാണ്. പ്രസംപ്റ്റീവ് ടൈറ്റിലിൽനിന്നും കൺക്ലൂസീവ് ടൈറ്റിലിലേക്ക് മാറണമെങ്കിൽ ഒരു റവന്യൂ സെറ്റിൽമെന്റ് ആവശ്യമാണ്. ഐക്യ കേരളത്തിൽ ഇതുവരെ ഒരു സെറ്റിൽമെന്റ് ഉണ്ടായിട്ടില്ല. ഡിജിറ്റൽ റീസർവെ പൂർത്തീകരിച്ചുകഴിഞ്ഞാൽ ഒരു സെറ്റിൽമെന്റ് ഉണ്ടാകണമെന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞ തവണ ഒരു സെറ്റിൽമെന്റ് ആക്റ്റ് തയ്യാറാക്കിയത്. അതായത് RTK Rover പ്രകാരം അളക്കുമ്പോൾ കണ്ടെത്തുന്ന അധിക ഭൂമി സാധാരണ വില്ലേജ് ഓഫീസർമാർക്കോ,

തഹസിൽദാർമാർക്കോ ഒരു ശതമാനത്തിൽ കൂടുതൽ ക്രമീകരിക്കാൻ കഴിയില്ല. അത് ക്രമവൽക്കരിക്കാൻ ഒരു സെറ്റിൽമെന്റ് ആക്റ്റ് ഐക്യ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി കഴിഞ്ഞ നിയമസഭ ഏകകണ്ഠമായി പാസാക്കി. അത് ഗവർണർ ഒരു കാര്യവുമില്ലാതെ പിടിച്ചുവച്ചിരിക്കുകയാണെന്നാണ് എന്റെ വിശ്വാസം. ആ സെറ്റിൽമെന്റ് ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പരിശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; അതിനായി ഗവർണറുടെമേൽ സമ്മർദം ചെലുത്തുമോ? അങ്ങിവിടെ പറഞ്ഞതുപോലെ LR കേസുകൾ ഡിജിറ്റൽ റീസർവെയിൽ ഉണ്ടായതല്ല; 1967 മുതൽ ആരംഭിച്ചിട്ടുള്ള കേസുകളുടെ ഭാഗമാണിത്. കൺക്ലൂസീവ് ടൈറ്റിലിലേക്കുള്ള മാറ്റം പൂർത്തീകരിക്കണമെങ്കിൽ ഈ സെറ്റിൽമെന്റ് ആക്റ്റുകൂടി വരണം. അപ്പോൾ അധികഭൂമി ക്രമവൽക്കരിച്ചുകൊടുക്കാനും അതിന്റെയടിസ്ഥാനത്തിൽ കേരളത്തിൽ ഒരു സെറ്റിൽമെന്റ് ഉണ്ടാക്കാനും കഴിയും. അതിന് അങ്ങയുടെ ഗവൺമെന്റ് ശ്രമിക്കുമോ?

*15-10-2026*

*Question Hour*

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, സെറ്റിൽമെന്റ് ആക്റ്റ് സഭ പാസാക്കിയതാണ്. അതിന് ഗവർണറുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. അത് ലഭിക്കാത്ത സാഹചര്യത്തിൽ എങ്ങനെ മുന്നോട്ടുപോകണമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കും. ഇത്തരം കാര്യങ്ങളിൽ ക്രമവൽക്കരണം അനിവാര്യവുമാണ്. റീസർവെയുമായി ബന്ധപ്പെട്ടുള്ള പരാതികൾ മുമ്പും ഉണ്ടായിട്ടുണ്ട്. ഡിജിറ്റൽ സർവെയിലും ഇത്തരത്തിലുള്ള പരാതികളുണ്ട്. പക്ഷെ, പരാതികളിൽ പലതും ഡിജിറ്റൽ സർവെയിലൂടെ ഒഴിവാക്കാവുന്നതാണ്. ലഭിച്ചിട്ടുള്ള പരാതികളിൽ 50-60 ശതമാനവും സബ് ഡിവിഷൻ പരാതികളാണ്, അത് ഒഴിവാക്കാവുന്നതാണ്. രണ്ടാം ഘട്ടം ഭൂപരിഷ്കരണം ആരംഭിക്കുമ്പോൾ അതിന് പ്രധാന്യം കൊടുത്ത് പരമാവധി പരാതികൾ കുറയ്ക്കാവുന്നതാണ്. ഭൂമിയുടെ ഉടമസ്ഥാവകാശമുള്ള പാവപ്പെട്ടവർ 300 രൂപ ഫീസ് അടച്ചുവേണം പരാതി നൽകേണ്ടത്. അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ട നടപടികളും രണ്ടാം ഘട്ട ഭൂപരിഷ്കരണത്തിന്റെ ഭാഗമായിട്ടുണ്ടാകുമെന്ന് അറിയിക്കുകയാണ്.

*15-10-2026*

*Question Hour*

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി സാധാരണക്കാർക്ക് ഭൂമി ലഭിച്ചുവെങ്കിലും ആദിവാസി വിഭാഗത്തിലുള്ളവർ അഞ്ച് സെന്റ് ഭൂമിപോലുമില്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസ്ഥയാണുള്ളത്. മുമ്പ് ജന്മി നൽകിയ പത്തോ അൻപതോ സെന്റ് ഭൂമിയിൽ അന്ന് പത്തോ പതിനഞ്ചോ കുടുംബങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് അറുപതോ, എഴുപതോ കുടുംബങ്ങൾ തിങ്ങി ഞെരുങ്ങി ജീവിക്കുകയാണ്. ആദിവാസി വിഭാഗത്തിൽ ഭൂമിയില്ലാത്ത നിരവധി ആളുകളുണ്ട്. കൃത്യമായ ഭൂപരിഷ്കരണത്തിലൂടെ സാധാരണക്കാരായ ആദിവാസി വിഭാഗത്തിന് വീട് വയ്ക്കാൻ പത്ത് സെന്റ് ഭൂമിയെങ്കിലും നൽകുമോ; മുഴുവൻ ആളുകൾക്കും ഭൂമി ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, രണ്ടാം ഭൂപരിഷ്കരണ നിയമം ഉണ്ടാകുമെന്ന് തിരഞ്ഞെടുപ്പ് വേളയിലുൾപ്പെടെ സൂചിപ്പിച്ചിട്ടുള്ള കാര്യമാണ്. ഭൂപരിഷ്കരണ നിയമം വന്നിട്ട് ദശാബ്ദങ്ങൾ പിന്നിട്ട് കഴിഞ്ഞു. ഭൂപരിഷ്കരണ നിയമം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും

അഭിമാനകരമായൊരു കാര്യമാണെങ്കിലും സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് വളരെ ചെറിയ രീതിയിൽ മാത്രമെ അതിന്റെ ഗുണം ലഭിച്ചിട്ടുള്ളൂ. പട്ടികജാതി-പട്ടികവർഗ സമൂഹങ്ങൾക്ക് ഭൂപരിഷ്കരണ നിയമത്തിന്റെ നേട്ടമുണ്ടായിട്ടില്ല. കുടികിടപ്പുമായി ബന്ധപ്പെട്ട് കുറച്ചുകാര്യങ്ങൾ അവർക്ക് ലഭിച്ചുവെന്നതിനപ്പുറത്തേയ്ക്ക് ഭൂമിയുടെ അവകാശികളാകാൻ അവർക്ക് സാധിച്ചിട്ടില്ല. ഭൂമിയുടെ കാര്യത്തിൽ പരിമിതിയുണ്ടെങ്കിൽപോലും നിലവിലുള്ള നിയമങ്ങൾ ഉൾപ്പെടെ പരിശോധിച്ച് നിലവിലുള്ള ഭൂപരിഷ്കരണ ആക്റ്റിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി 'രണ്ടാം ഭൂപരിഷ്കരണ നിയമം' കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ട്. അതോടൊപ്പം നാടിന്റെ വികസന മുന്നേറ്റത്തിനാവശ്യമായ സംരംഭങ്ങൾക്കുകൂടി ഭൂമി വിനിയോഗിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളും ഈ ഭൂപരിഷ്കരണ നിയമത്തിൽ ഉൾപ്പെടുത്തണമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നുണ്ട്.

*15-10-2026*

*Question Hour*

<u>മി.സ്പീക്കർ</u>: ഭൂമിയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ധാരാളം ഉപചോദ്യങ്ങൾ ഉന്നയിക്കുന്നതിനുള്ള അഭ്യർഥനകൾ ലഭിച്ചിട്ടുണ്ട്. എങ്കിലും ചോദ്യോത്തര വേള ആരംഭിച്ച് 23 മിനിട്ടോളം കഴിഞ്ഞ സാഹചര്യത്തിൽ നമുക്ക് അടുത്ത ചോദ്യത്തിലേക്ക് കടക്കാം.

**പി.എം.ശ്രീ പദ്ധതി**

2(*92) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>
<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u>
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരുമായി ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾപ്രകാരം പി.എം.ശ്രീ പദ്ധതിയിൽനിന്നും സംസ്ഥാനത്തിന് പിന്മാറാൻ സാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സഹകരിച്ച് പ്രവർത്തിക്കുന്നതിലെ ബുദ്ധിമുട്ടുകൾ അറിയിക്കുന്നതിനും തർക്കപരിഹാരങ്ങൾക്കുമായി ധാരണാപത്രത്തിൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലുണ്ടായിട്ടും പദ്ധതിയിൽനിന്നും

പിന്മാറുന്നതിനായി പ്രസ്തുത വ്യവസ്ഥകൾ പ്രയോജനപ്പെടുത്താൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതിയിൽനിന്നും പിന്മാറിയാൽ രണ്ടായിരം കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന വാദം വസ്തുതാവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയിൽ പങ്കാളിയാകാത്ത കാരണത്താൽ ഏതെങ്കിലും ഫണ്ടുകൾ തടഞ്ഞുവച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പഞ്ചാബ് ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങൾ പ്രസ്തുത പദ്ധതിയിൽനിന്നും പിന്മാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സമാനമായ നടപടി സ്വീകരിക്കുന്നതിനുള്ള സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) നിയമപരമായി യാതൊരു ബാധ്യതയുമില്ലാത്തതും ചുരുങ്ങിയ കാലയളവ് മാത്രം അവശേഷിക്കുന്നതുമായ ഈ പദ്ധതിയിൽനിന്നും പിന്മാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

*15-10-2026*

*Question Hour*

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, (എ&ബി) പി.എം.ശ്രീ ധാരണാപത്രത്തിലെ വ്യവസ്ഥ ചുവടെ ചേർക്കുന്നു.

Department of School Education and Literacy (DoSEL), Ministry of Education (MoE), Government of India (GoI), reserves the right to rescind, cancel, terminate the agreement in the interest of public by giving a notice of 30 days. In the event of any amendment, alteration or modification in the terms of the agreement, it shall be met through mutual consent of both the parties. പി.എം. ശ്രീ-യുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റ് ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകളാണ് ഞാൻ വായിച്ചത്. ചോദ്യം നമ്പർ (എ) പദ്ധതിയിൽനിന്നും പിന്മാറാൻ സാധിക്കുമോയെന്നതാണ്.

ധാരണാപത്രത്തിലെ മേൽ വ്യവസ്ഥപ്രകാരം പദ്ധതിയിൽനിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതുതാൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി

*15-10-2026*
*Question Hour*

റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Department of School Education and Literacy (DoSEL) മാത്രമായിരിക്കും. കരാറിലെ വ്യവസ്ഥകളിൽ എതെങ്കിലും ഭേദഗതി, മാറ്റം അല്ലെങ്കിൽ പരിഷ്കരണം ഉണ്ടായാൽ അത് ഇരു പാർട്ടികളുടെയും പരസ്പര സമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ. കഴിഞ്ഞ സർക്കാർ പി.എം. ശ്രീ പദ്ധതി നടപ്പിലാക്കാമെന്ന് സമ്മതിച്ച് ധാരണാപത്രത്തിൽ ഒപ്പിടുകയും ഒപ്പിട്ട ധാരണാപത്രത്തിൽനിന്ന് പിന്മാറാൻ സംസ്ഥാനത്തിന് വ്യവസ്ഥയില്ലാതിരിക്കുകയും വഴി ഉണ്ടായിട്ടുള്ള പ്രതിസന്ധിയാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ലെന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി.എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ

*15-10-2026*
*Question Hour*

18-06-2026-ലെ ജി.ഒ. (എം.എസ്.) നം. 107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭാ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവി കാര്യങ്ങൾ തീരുമാനിക്കുന്നത്.

(സി) പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാത്തതിനാൽ സമഗ്ര ശിക്ഷാ കേരളം (SSK), പി.എം. ജൻമൻ (PM JANMAN), ഡി.എ.ജെ.ജി.യു.എ. (DAJGUA), ഡയറ്റ്സ് ഓഫ് എക്സലൻസ് (DIETs of Excellence) എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്ത് ലഭ്യമാകേണ്ടിയിരുന്ന കേന്ദ്ര വിഹിതം തടഞ്ഞുവച്ചിരിക്കുകയാണ്. 2023-2024 മുതൽ ഇത്തരത്തിൽ സംസ്ഥാനത്തിന് ലഭ്യമാകാനുള്ള തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

അനുബന്ധത്തിൽ പറഞ്ഞിരിക്കുന്നതുപ്രകാരം സമഗ്ര ശിക്ഷാ കേരളം (SSK) പദ്ധതിയിൽ 2023-24 വർഷത്തിൽ 280.57 കോടി രൂപയും 2024-25-ൽ 513.54 കോടി രൂപയും 2025-26-ൽ 357.38 കോടി രൂപയും 2026-27-ൽ 433.67 കോടി രൂപയും പി.എം. ജൻമൻ (PM JAN MAN)

---
\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പദ്ധതിയിൽ 5.598 കോടി രൂപയും ഡയറ്റ്സ് ഓഫ് എക്സലൻസിൽ 12.864 കോടി രൂപയും ഡി.എ.ജെ.ജി.യു.എ. -ൽ 3.57 കോടി രൂപയും ലഭിക്കാനുണ്ട്. എല്ലാം കൂടി ആകെ ലഭിക്കാനുള്ള 1607.192 കോടി രൂപയാണ് ഇക്കാരണത്താൽ കേന്ദ്രം തടഞ്ഞുവച്ചിരിക്കുന്നത്.

(ഡി) പഞ്ചാബ് സർക്കാർ 2022 ഒക്ടോബറിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചശേഷം ഏകദേശം 241 സ്കൂളുകളെ പി.എം.ശ്രീ ആയി തിരഞ്ഞെടുക്കുകയും പിന്നീട് 2023 ജൂലൈയിൽ പഞ്ചാബ് പദ്ധതിയിൽനിന്ന് ഒഴിവായെങ്കിലും 2024 ജൂലൈ 26-ന് വീണ്ടും പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു. നിലവിലെ കണക്കുപ്രകാരം പഞ്ചാബിൽ 419 സ്കൂളുകളിൽ പി.എം.ശ്രീ നടപ്പിലാക്കുന്നു. നിലവിൽ തമിഴ്നാട് ഒഴികെ എല്ലാ സംസ്ഥാനങ്ങളും പി.എം.ശ്രീ ധാരണ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. പി.എം.ശ്രീ ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽനിന്ന് ഏകപക്ഷീയമായി പിന്മാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല.

(ഇ) കഴിഞ്ഞ സർക്കാർ പി.എം. ശ്രീ പദ്ധതി നടപ്പിലാക്കാമെന്ന് സമ്മതിച്ച് ധാരണാപത്രത്തിൽ ഒപ്പിടുകയും ഒപ്പിട്ട ധാരണാപത്രത്തിൽനിന്ന്

പിന്മാറാൻ സംസ്ഥാനത്തിന് വ്യവസ്ഥയില്ലാതിരിക്കുകയും വഴി ഉണ്ടായിട്ടുള്ള പ്രതിസന്ധിയാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ലെന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ വ്യക്തമായ നിലപാട്. മേൽ സാഹചര്യത്തിൽ പി.എം.ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, പി.എം.ശ്രീ പദ്ധതിയിൽനിന്ന് സംസ്ഥാനങ്ങൾക്ക് പിന്മാറാമെന്ന് രാജ്യസഭയിൽ കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ 30 ദിവസത്തെ നോട്ടീസിന്റെ കാര്യവുമെല്ലാം പറഞ്ഞു.

പി.എം.ശ്രീ-ൽ നിന്നും പിന്മാറാൻ കഴിയുന്ന കാര്യമാണ്. ഇതിനെക്കുറിച്ച് പഠിക്കാൻവേണ്ടി നാല് മാസം മുമ്പ് രൂപീകരിച്ച ഉപസമിതിക്ക് നയപരമായി ഇക്കാര്യം പഠിക്കാൻ ഇത്രയും സമയം വേണമോ; ഇക്കാര്യങ്ങളിൽ എന്തെങ്കിലും അവ്യക്തതകൾ നിലനിൽക്കുന്നുണ്ടോ; എന്നേയ്ക്ക് ഉപസമിതി റിപ്പോർട്ട് നിയമസഭയിൽ അവതരിപ്പിക്കാനും മേശപ്പുറത്ത് വയ്ക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് ഒപ്പിട്ട MoU-ലെ വ്യവസ്ഥയാണ് ഞാൻ ഇവിടെ ഇംഗ്ലീഷിലും തുടർന്ന് മലയാളത്തിലും വായിച്ചത്. അതിൽ ഗവൺമെന്റിന്, ഏകപക്ഷീയമായി സംസ്ഥാനങ്ങൾക്ക് യാതൊരു വിധത്തിലും പിന്മാറാൻ വ്യവസ്ഥയില്ലെന്ന് മാത്രമല്ല, അത് കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തവുമാണ്. കേന്ദ്ര ഗവൺമെന്റിന് വേണമെങ്കിൽ ഏകപക്ഷീയമായി 30 ദിവസത്തെ നോട്ടീസ് നൽകി മാറാം. അമെന്റ്മെന്റോ ആൾട്ടറേഷനോ വേണമെങ്കിൽ മ്യൂച്ചൽ കൺസെന്റ് വേണം. ഇതാണ് ഇതിലെ വ്യവസ്ഥ (....ബഹളം...) ഞാൻ

പറയട്ടെ, നമ്മുടെ കൈവശമുള്ള രേഖപ്രകാരമാണ് പറയുന്നത്. (....ബഹളം...)

മി. സ്പീക്കർ: Let him complete, അദ്ദേഹം പറയട്ടെ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ സർക്കാരിന്റെ സബ്കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ചാണ് അദ്ദേഹം ചോദിച്ചത്. സബ്കമ്മിറ്റി രണ്ടുതവണ യോഗം ചേർന്ന് കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. റിപ്പോർട്ട് തയ്യാറായിട്ടില്ല, റിപ്പോർട്ട് തയ്യാറാകുമ്പോൾ ആ രീതിയിൽ ഭാവികാര്യങ്ങളുമായി മുന്നോട്ടുപോകും. ഇവിടെ അതിനെക്കുറിച്ച് പറയുമ്പോൾ മറ്റൊരു കാര്യം പറയാനുണ്ട്, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിരുന്നു. ആ സമിതി യോഗംപോലും ചേർന്നിട്ടില്ല. ഏഴ് മാസം ആ തീരുമാനത്തിന്മേൽ അടയിരിക്കുകയാണ് ചെയ്തത്. ഒന്നും ചെയ്തിട്ടില്ല.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, നയം തീരുമാനിക്കാൻ എന്തെങ്കിലും അവ്യക്തതയുണ്ടോ എന്നാണ് ചോദിച്ചത്. ബഹുമാനപ്പെട്ട മന്ത്രി അത്

തെറ്റിദ്ധരിപ്പിക്കണ്ട. സമഗ്ര ശിക്ഷാ കേരളം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് 1607 കോടി രൂപ ലഭിക്കാനുണ്ടെന്നാണ് പറയുന്നത്. ഇത്തരത്തിൽ കേന്ദ്ര ഗവൺമെന്റ് ഭരണഘടനാ വിരുദ്ധമായി ഫണ്ട് തടഞ്ഞുവയ്ക്കുന്ന കാര്യങ്ങളെ പ്രതിരോധിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 1607 കോടി രൂപ ലഭിക്കാനുള്ളതിൽ ഈ വർഷത്തെ 400 കോടിയിൽപരം രൂപ മാത്രമാണ് നിലവിലെ ഗവൺമെന്റിന്റെ കാലത്തുവരുന്നത്. ബാക്കി മുഴുവനും നിങ്ങളുടെ സർക്കാരിന്റെ കാലത്ത് ലഭിക്കേണ്ട പണമാണ്. അത് ലഭിക്കാൻ നിങ്ങൾ എന്തുനടപടിയാണ് സ്വീകരിച്ചത്; എന്നാൽ ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഞങ്ങൾ പങ്കെടുത്തപ്പോൾ, എസ്.എസ്.കെ. ഉൾപ്പെടെ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിക്കാനുള്ള പണമാണെന്നും ഈ സംസ്ഥാനത്തെ കുട്ടികളുടെ അവകാശമാണെന്നും അതുകൊണ്ടുതന്നെ ഫെഡറൽ സംവിധാനത്തിന്റെ ഭാഗമായി അത് ഞങ്ങളുടെ അവകാശമാണെന്നും ഞങ്ങൾക്ക് ആ പണം നൽകണമെന്നും അത് പി.എം.ശ്രീ പദ്ധതിയുമായി

ഒരിക്കലും കുട്ടികുഴയ്ക്കരുതെന്നും ആ മന്ത്രിയുടെ മുഖത്തുനോക്കി പറയാൻ ഞങ്ങൾക്ക് യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പി.എം.ശ്രീ പദ്ധതി സംബന്ധിച്ച് ധാരാളം രാഷ്ട്രീയ ചർച്ചകളും വിവാദങ്ങളും നടന്ന സംസ്ഥാനമാണ് കേരളം. ഇത് അറബിക്കടലിലേക്ക് വലിച്ചെറിയാനുള്ള ആർജവം ഞങ്ങൾ കാണിക്കുമെന്ന് യു.ഡി.എഫ്.-ന്റെ നേതാക്കന്മാർ പറഞ്ഞതാണ്. ഇപ്പോഴും അതിനുള്ള അവസരമുണ്ട്. ഒന്നാമതായി, ഇതുസംബന്ധിച്ച് രാജ്യസഭയിൽ നൽകിയൊരു മറുപടിയുണ്ട്, നേരത്തെ ഇവിടെ അതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. 'ഇതിൽനിന്നും പിന്മാറാം, എന്നാൽ പണം ലഭിക്കില്ലായെന്നേയുള്ളൂ' എന്നാണ് ആ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. രാജ്യസഭയിൽ ശ്രീ. പി. വി. അബ്ദുൾ വഹാബ് എം.പി. ഉന്നയിച്ച ചോദ്യത്തിന് ലഭിച്ച മറുപടിയാണിത്. ഇത് റിപ്പോർട്ട് ചെയ്ത് വന്നതാണ്. അങ്ങ് ചോദിച്ചാൽ അദ്ദേഹം ഒരുതവണകൂടി അതിന്റെ കോപ്പി നൽകും. അവിടത്തെ മന്ത്രിക്ക് ഇതിനെപ്പറ്റി ധാരണയില്ലായെന്ന് ഇവിടെ പറഞ്ഞിട്ട് കാര്യമൊന്നുമില്ലല്ലോ; (....ബഹളം...)

*15-10-2026*
*Question Hour*

<u>മി. സ്പീക്കർ</u>: അദ്ദേഹം ചോദ്യം ചോദിക്കട്ടെ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, രണ്ടാമതായി, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ കേസിൽ കേന്ദ്ര ഗവൺമെന്റിന്റെ അഭിഭാഷകൻ പറഞ്ഞത്, ആ കേസിന്റെ ജഡ്ജ്മെന്റിലെ പതിനഞ്ചാമത്തെ പാരഗ്രാഫിൽ പറയുന്നത്, It is respectfully submitted that the above actions of the State of Kerala reflects its reluctance to implement NEP, 2020. The state of Kerala may come forward to implement and showcase all the initiatives of NEP including under....... എന്നാണ്. SSK ഉൾപ്പെടെയാണ് പറഞ്ഞിരിക്കുന്നത്. കേരളം ഒപ്പിട്ടുവെന്ന് പറഞ്ഞതിനുശേഷം, ഞങ്ങൾ അതുമായി മുന്നോട്ടുപോകുന്നില്ലെന്ന് തീരുമാനിക്കുകയും അപ്പോൾതന്നെ കേന്ദ്ര ഗവൺമെന്റിന് എഴുതിക്കൊടുക്കുകയും ചെയ്തു. (....ബഹളം...) അതിനുശേഷം ഇന്ത്യയുടെ പരമോന്നത കോടതിയായ സുപ്രീം കോടതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ അഭിഭാഷകൻ സ്റ്റേറ്റ്മെന്റ് കൊടുത്തിരിക്കുന്നത്, കേരളം ഇക്കാര്യവുമായി മുന്നോട്ടുപോകുന്നില്ല, റിലക്റ്റൻസുണ്ട് എന്നാണ്. പാർലമെന്റിൽ,

രാജ്യസഭയ്ക്കകത്ത് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി പറഞ്ഞത്, പണം ലഭിക്കില്ല, നിങ്ങൾക്ക് പിന്മാറാം എന്നാണ്. ഇത്തരമൊരു സാഹചര്യത്തിൽ മന്ത്രിയുടെ മുഖത്തുനോക്കി തന്റേടത്തോടെ പറയുക മാത്രമല്ല, കേരളത്തിന് ലഭിക്കാനുള്ള പണം ലഭിക്കണമെന്ന് ആവശ്യപ്പെട്ട്, കേന്ദ്രം പി.എം.ശ്രീ നടപ്പാക്കണമെന്ന് കംപെൽ ചെയ്യുന്നുവെന്ന് പറഞ്ഞ് സുപ്രീം കോടതിയിലോ അല്ലെങ്കിൽ ബന്ധപ്പെട്ട കോടതിയിലോ കേസിന് പോകാൻ കേരള സർക്കാർ തയ്യാറുണ്ടോ; കേസിനുപോയി ഈ പണം വാങ്ങണം. 1607 കോടി രൂപ കിട്ടാനുണ്ട് എന്നുള്ളതിൽ തർക്കമില്ല. ആ പണം കിട്ടാനുണ്ട്. ഈ പണം നൽകാതെ നമ്മെ ശ്വാസംമുട്ടിക്കുന്നതിന് എതിരായിട്ടാണല്ലോ....... പോളിസിവൈസ് കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകവും തെലങ്കാനയും ഹിമാചൽപ്രദേശും ഇത് ഒപ്പിട്ടുണ്ടെന്ന് നമുക്കറിയാം. ആ പോളിസി പറഞ്ഞാൽ പോരെ; പക്ഷെ ഇവിടെ, നിങ്ങൾക്കൊരു സാധ്യതയുണ്ട്. മുസ്ലീം ലീഗിന്റെ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ അത് പറയണം. കേസിനുപോകാൻ

തയ്യാറുണ്ടോ; കോടതിയിൽ പോകാമല്ലോ; ഇപ്പോഴും ആ വിൻഡോ ഓപ്പൺ ആണ്. കോടതിയിൽ കേസിന് പോകാൻ തയ്യാറാകുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ എന്റെ കൈവശമുള്ളത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, 2025 ഒക്ടോബറിൽ നിങ്ങൾ ഒപ്പിട്ട MoU ആണ്. അതാണ് ഞങ്ങളുടെ മുമ്പിലുള്ളത്. അതാണ് ഇതിന് അടിസ്ഥാനപരമായ രേഖ എന്നുപറയുന്നത്. അതിൽ എവിടെയും ഈ പറഞ്ഞ വ്യവസ്ഥയില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് എന്ത് ഭാവിയിൽ ചെയ്യണം, ഇക്കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കണമെന്നത് ഞങ്ങൾ തീരുമാനിക്കാനിരിക്കുന്നതേയുള്ളൂ. ഇവിടെ ഓരോ നിർദേശംവച്ച് നിങ്ങൾ കേസ് കൊടുക്കുമോ എന്ന് ചോദിച്ചാൽ, ഞങ്ങൾ അതിനെക്കുറിച്ച് പരിശോധിക്കും. തമിഴ്നാട് കേസ് കൊടുത്തു, എന്നിട്ട് എന്താണ് സംഭവിച്ചത്; അതുകൊണ്ട് ഇതെല്ലാം ചെയ്ത ആളുകൾ ഞങ്ങളോട് ഇന്ന രീതിയിലെന്ന് ഉപദേശിക്കുന്നതിൽ അർഥമില്ല. ഈ പ്രതിസന്ധിയുണ്ടാക്കിയത് കഴിഞ്ഞ ഇടതുപക്ഷ സർക്കാരാണ്.

*15-10-2026*

*Question Hour*

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, പി.എം.ശ്രീ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതിയെ നിശ്ചയിച്ചിരുന്നു. ഉപസമിതിയുടെ അന്തിമയോഗം ഇതുവരെ ചേർന്നിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. മാർച്ച് 31-ന് പി.എം.ശ്രീ പദ്ധതിയുടെ കാലാവധി അവസാനിക്കുകയുമാണ്. അതുകൊണ്ട് സമിതി കണ്ടെത്തിയ നിഗമനം വിശദമാക്കാനുള്ള ആർജവം അങ്ങ് കാണിക്കുമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്തെപ്പോലെ, ഈ സമിതി യോഗം ചേരാതിരുന്നില്ലെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. രണ്ടുതവണ വിശദമായി യോഗം ചേർന്നു, ഇനിയും യോഗങ്ങൾ ചേരും. ഞങ്ങൾ അതിന്റെ എല്ലാവശങ്ങളും പരിശോധിക്കുകയാണ്. പരിശോധിച്ചശേഷം കഴിഞ്ഞ സർക്കാർ വരുത്തിവച്ച പ്രതിസന്ധിയിൽനിന്നും കേരള സംസ്ഥാനം എങ്ങനെ മുന്നോട്ടുപോകുമെന്നുള്ള കാര്യം ഞങ്ങൾ തീരുമാനിക്കും.

<u>ശ്രീ. ഫൈസൽ ബാബു</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ച സമയത്ത്, പി.എം.ശ്രീ പദ്ധതിയെക്കുറിച്ച് പറഞ്ഞ

പരാമർശത്തിൽ, സമ്മതിച്ച് ഒപ്പിട്ടുവെന്നു പറഞ്ഞു. അതിലൊരു സമ്മതവും ഒപ്പിടലുമുണ്ട്. കേന്ദ്ര സർക്കാർ എന്തൊക്കെ ഉദ്ദേശ്യത്തിലും ദുരുദ്ദേശ്യത്തിലുമാണോ പി.എം.ശ്രീ നടപ്പാക്കിയത്, സമാനമായി പൊതുവിദ്യാഭ്യാസ മേഖലയിലോ ഉന്നത വിദ്യാഭ്യാസ മേഖലയിലോ ഇത്തരത്തിൽ ഒളിച്ചുകടത്തി സമ്മതിച്ച് ഒപ്പിട്ട മറ്റ് ഏതെങ്കിലും പദ്ധതികളും.... പ്രധാൻ മന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (PM-USHA) പദ്ധതിയെക്കുറിച്ചൊക്കെ കേൾക്കുന്നു. കേന്ദ്ര സർക്കാരിന് സമ്മതിച്ച് ഒപ്പിട്ട് വഴങ്ങിക്കൊടുത്ത മറ്റ് ഏതെങ്കിലും പദ്ധതികൾ കഴിഞ്ഞ സർക്കാർ കൊണ്ടുവന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പ്രധാൻ മന്ത്രി എന്നു തുടങ്ങുന്ന പി.എം. പദ്ധതികളിൽ വിവിധതരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ച ഉന്നത വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട PM-USHA പദ്ധതി, 2024-ൽ അന്നത്തെ ഇടതുപക്ഷ സർക്കാർ ഒപ്പുവച്ചതാണ്. അത് ഇപ്പോൾ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. വിവിധ കോളേജുകളുടെ വികസന

പ്രവർത്തനങ്ങളാണ് PM-USHA പദ്ധതിപ്രകാരം നടക്കുന്നത്. സബ്ജക്ട് വെരിഫിക്കേഷൻ പ്രകാരം, 400 കോടിയിൽപ്പരം രൂപ ഈ പദ്ധതിക്കായി ലഭിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 2028 വരെയാണ് പ്രസ്തുത പദ്ധതിയുടെ കാലാവധി.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖല സംഘ്പരിവാറിന്റെ കൈകളിൽ ഒതുക്കാൻവേണ്ടി ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. പി.എം.ശ്രീ ഒപ്പിട്ടു, ഒപ്പിട്ടില്ല എന്ന വിഷയത്തെക്കുറിച്ചല്ല ചോദിക്കുന്നത്. പി.എം.ശ്രീ പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന രീതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തേ സൂചിപ്പിക്കുകയുണ്ടായി. ആ കാര്യത്തെക്കുറിച്ച് ഇപ്പോൾ ചിന്തിക്കില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത്. യഥാർത്ഥത്തിൽ, ഈ മാർച്ച് മാസത്തിൽ കാലാവധി അവസാനിക്കുമ്പോൾ പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിടുമോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് വ്യക്തത വരുത്താൻ അങ്ങേയ്ക്ക് കഴിയുമോ; സബ്കമ്മിറ്റി രൂപീകരിക്കുകയും ചർച്ച ചെയ്യുകയും കേന്ദ്ര

സർക്കാരിനെതിരെ പ്രമേയം പാസ്സാക്കുകയും ചെയ്തു. രാഷ്ട്രീയമായ ഒരു സമരത്തിന് യു.ഡി.എഫ്. തയ്യാറാകുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ വിഷയം നിരവധി തവണ ചർച്ച ചെയ്ത കാര്യമാണ്. കേന്ദ്ര സർക്കാരിന്റെ പല നടപടികളോടും ഞങ്ങൾക്ക് അതിശക്തമായ വിയോജിപ്പുണ്ട്. സമരം നടത്തുമോയെന്നാണ് ചോദിക്കുന്നത്. ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ആഴ്ചകളായി നടക്കുന്ന സമരം നിങ്ങൾ കാണുന്നില്ലേ? ഒരു ഫെഡറലിസത്തിനെതിരായ നീക്കത്തിൽ കേന്ദ്ര സർക്കാരിന്റെ ചില അജണ്ടകളോട് ഞങ്ങൾക്കുള്ളതുപോലെയുള്ള അതിശക്തമായ എതിർപ്പ് മറ്റാർക്കുമില്ല. സർക്കാരുകൾ തുടർച്ചയാണ്, എന്നാൽ നിങ്ങൾ ഒപ്പിട്ടുണ്ടാക്കിയ ഒരു പ്രതിസന്ധിയാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം. അതിൽനിന്ന് ഈ സംസ്ഥാനത്തെ മതേതര വിദ്യാഭ്യാസത്തെ എങ്ങനെ രക്ഷപ്പെടുത്താമെന്നാണ് ഇപ്പോൾ ഞങ്ങൾ ആലോചിക്കുന്നത്.

ശ്രീ. പഴകുളം മധു: സർ, കഴിഞ്ഞ സർക്കാർ പി.എം.ശ്രീ പദ്ധതിയിലൂടെ പല കാര്യങ്ങളും സാധിച്ചെടുക്കാനുള്ള അഡ്ജസ്റ്റുമെന്റ്

നടത്തിയിട്ടുണ്ടെന്നത് സത്യമാണ്. എന്നാൽ പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിടുകയും ഉപസമിതിയെ നിയോഗിക്കുകയും ചെയ്തവർതന്നെ, ആറ് മാസം ആ ഉപസമിതി യോഗം ചേരാതെ ബി.ജെ.പി.-യെയും പ്രധാനമന്ത്രിയെയും ശ്രീ. അമിത് ഷായെയുമൊക്കെ സന്തോഷിപ്പിക്കാനുള്ള പരിശ്രമത്തിനിടയിൽ അത് മറന്ന് പോയവർ, പ്രസ്തുത പദ്ധതി നടപ്പാക്കരുതെന്ന് ഈ സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്നത് ന്യായമല്ല. പി.എം.ശ്രീ പദ്ധതിയുടെ ഉപസമിതി രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത സമിതിയുടെ അന്തിമതീരുമാനം എത്രയും വേഗമുണ്ടാകും. പി.എം.ശ്രീ പദ്ധതിയുടെ കാലാവധി എന്നുവരെയാണ്; പ്രസ്തുത പദ്ധതിയിൽ ഒപ്പിടുന്നതിന് കഴിഞ്ഞ സർക്കാർ കൈക്കൊണ്ട നിലപാടുകളും അതിനെ ന്യായീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് കഴിഞ്ഞ സർക്കാർ പറഞ്ഞിട്ടുള്ളത്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പി.എം.ശ്രീ പദ്ധതിയുടെ കാലാവധി 2022 മുതൽ 2027 വരെയുള്ള അഞ്ച് വർഷക്കാലമാണ്. ആ സാഹചര്യത്തിൽ 2027 മാർച്ച് 31-ന് പി.എം.ശ്രീ പദ്ധതിയുടെ കാലാവധി

അവസാനിക്കേണ്ടതാണ്. എന്നാൽ പി.എം.ശ്രീ പദ്ധതി പ്രസ്തുത കാലാവധിക്കുശേഷവും തുടരുമെന്ന കത്തുകളോ സർക്കുലറുകളോ ഒന്നും ലഭിച്ചിട്ടില്ലെങ്കിലും പദ്ധതിയുടെ തുടർച്ചയുണ്ടാകുമെന്ന രീതിയിലുള്ള സൂചനകളാണ് കേന്ദ്ര സർക്കാർ നടത്തുന്ന പല യോഗങ്ങളിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ലഭിക്കുന്നുണ്ട്. കഴിഞ്ഞ സർക്കാർ പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിടുമ്പോൾ എന്തൊക്കെ നേട്ടങ്ങളാണ് കാരണമായി പറഞ്ഞത് എന്നതാണ് അടുത്ത ചോദ്യം. സഭ നിർത്തിവയ്ക്കാനുള്ള ഒരു ഉപക്ഷേപത്തിന്മേലുള്ള മറുപടിയിൽ ഞാൻ അക്കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞിട്ടുള്ളതാണ്. പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിടുന്നത് ഈ സംസ്ഥാനത്തെ കുട്ടികൾക്കുവേണ്ടിയാണെന്ന് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതിന്റെ ഫോട്ടോയും പ്രഖ്യാപനവും ദേശാഭിമാനി ദിനപത്രത്തിന്റെ ഒന്നാം പേജിൽ വന്നത് അന്ന് നമ്മൾ സഭയിൽ കാണിച്ചതാണ്. വിദ്യാർത്ഥികൾക്കുവേണ്ടിയാണെന്നും തടഞ്ഞുവച്ച ഫണ്ട് ലഭിക്കാൻ വേണ്ടിയുമാണെന്നുമൊക്കെയുള്ള പലവിധ

ന്യായീകരണങ്ങൾ അന്ന് വന്നിട്ടുള്ളതാണ്. അതെല്ലാം സഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്.

ശ്രീ. ടി. പി. അഷ്റഫലി: സർ, എസ്.എസ്.കെ. പദ്ധതിക്ക് ലഭിക്കേണ്ട കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാകാത്തതുമൂലം സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്കൂൾ വിദ്യാഭ്യാസത്തിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നത്, മുമ്പ് സമഗ്ര ശിക്ഷാ അഭിയാൻ എന്ന് പറഞ്ഞിരുന്ന ഇന്നത്തെ സമഗ്ര ശിക്ഷാ കേരള (എസ്.എസ്.കെ.) ആണ്. അവർ മുഖേനയാണ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്. അതിൽ ആയിരത്തിയറുന്നൂറ് കോടിയിൽപ്പരം രൂപ ലഭിക്കാനുള്ളതുകൊണ്ട് പല പ്രവർത്തനങ്ങളിലും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഒന്ന്, പ്രസ്തുത പദ്ധതിയിലെ കേന്ദ്ര സർക്കാർ വിഹിതം ലഭിക്കാത്തതുകൊണ്ട് വിദ്യാർത്ഥികൾക്ക് നൽകുന്ന രണ്ട് സെറ്റ് സൗജന്യ യൂണിഫോമുകളും പാഠപുസ്തകങ്ങളും നൽകുന്നതിൽ ബുദ്ധിമുട്ടുണ്ടായി. ഭിന്നശേഷി വിഭാഗം കുട്ടികൾക്കുള്ള

സഹായ ഉപകരണങ്ങൾ, സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ സേവനം, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പൻഡ്, കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്, അധ്യാപക പരിശീലനങ്ങൾ, പ്രീ-സ്കൂൾ വിദ്യാഭ്യാസം തുടങ്ങി എസ്.എസ്.കെ. വഴി നടത്തിവരുന്ന നിരവധി പ്രവർത്തനങ്ങൾക്ക് പ്രസ്തുത ഫണ്ട് ലഭിക്കാത്തതിന്റെ പ്രയാസമുണ്ട്. ഇനിയും ഫണ്ട് ലഭിക്കാതിരുന്നാൽ ആ ബുദ്ധിമുട്ടുകൾ കൂടുതൽ വർധിച്ചുവരുമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബി.ജെ.പി. അംഗങ്ങൾ ഒഴികെ ബാക്കിയെല്ലാവരും പി.എം.ശ്രീ പദ്ധതിയെ എതിർക്കുന്നവരാണ് എന്നതാണ് യാഥാർത്ഥ്യം. പദ്ധതിയിൽ ഒപ്പുവച്ചതിനെക്കുറിച്ച് ബഹുമാന്യനായ പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. എല്ലാ ഒപ്പ് വയ്ക്കലുകളും ഭരണഘടനയുടെ 299-ാം അനുച്ഛേദപ്രകാരമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ഇത്തരത്തിൽ ഒപ്പുവയ്ക്കുന്നത്. ആർട്ടിക്കിൾ 299 (1) പ്രകാരം “ All contracts made in exercise of the executive power of the Union or of a State shall be expressed to be made by the President, or by the Governor of

the State,......" എന്നാണ് വ്യക്തമാക്കുന്നത്. അതിൽ " ...................shall be executed on behalf of the President or the Governor by such persons and in such manner as he may direct or authorise." എന്നുകൂടി കൂട്ടിച്ചേർക്കുന്നുണ്ട്. ഓരോ സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും കരാറുകളിൽ ഏർപ്പെടുന്നത് സംസ്ഥാന ഗവർണറുടെയോ ഇന്ത്യൻ പ്രസിഡന്റിന്റെയോ നാമധേയത്തിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പിട്ടുകൊണ്ടായിരിക്കണമെന്ന് മാത്രമാണ്. അല്ലെങ്കിൽ അത് void ab initio ആണ്. അത് ബഹുമാനപ്പെട്ട സുപ്രീംകോടതിയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും നിരവധി കേസുകളിൽ പറഞ്ഞിട്ടുണ്ട്. പി.എം.ശ്രീ-ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒപ്പുവച്ചത് സ്വതവേ അസാധുവായ കാര്യമാണ്. ഇക്കാര്യം ബോധ്യപ്പെട്ട് ...... ഒന്ന് കേൾക്കൂ....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ......

ശ്രീ. പി. പ്രസാദ്: സർ, അത്തരമൊരു കാര്യത്തിൽ ..... ഇന്ത്യൻ ഭരണഘടന പറയുന്ന കാര്യമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയട്ടെ. ചോദ്യോത്തരവേളയുടെ സമയം അവസാനിക്കാൻ പോകുകയാണ്.

ശ്രീ. പി. പ്രസാദ്: സർ, ഞാൻ സംസാരിച്ചു കഴിഞ്ഞില്ല. ബഹുമാനപ്പെട്ട മന്ത്രി ......

മി. സ്പീക്കർ: ശ്രീ. പി. പ്രസാദ് ചോദ്യോത്തരവേളയുടെ സമയം അവസാനിക്കാൻ പോകുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട അംഗംകൂടി ഉൾപ്പെട്ട സർക്കാർ ഒപ്പുവച്ച MoU നിയമ സാധുതയില്ലാത്തതാണെന്ന് അന്ന് അവിടെ ഒപ്പുവച്ച സമയത്ത് പറഞ്ഞുകൊടുത്താൽ മതിയായിരുന്നല്ലോ? ഞാൻ അതിന്റെ എല്ലാ വശങ്ങളും വിശദീകരിച്ചതാണ്. സർക്കാർ പ്രസ്തുത പദ്ധതിയുടെ ഭാവികാര്യങ്ങളെ സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കും. അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പരിശോധിക്കും.

**ടൂറിസം മേഖലയിലെ പുതിയ പദ്ധതികൾ**

3(*93) ശ്രീ. ടോണി ചമ്മണി:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ജോയി:

*15-10-2026*

*Question Hour*

ശ്രീ. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്കുള്ള സഞ്ചാരികളുടെ എണ്ണം അഞ്ചുവർഷത്തിനകം 10.5 കോടിയാക്കി വർധിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; ആയതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങൾ കേന്ദ്രീകരിച്ച് രാജ്യാന്തര ടൂറിസം സർക്യൂട്ട് ഒരുക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തനിമ അടുത്തറിയാൻ സഞ്ചാരികളെ ക്ഷണിക്കുന്ന 'ബി എ മലയാളി ഫോർ എ ഡേ' (BE A MALAYALI FOR A DAY) എന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ, (എ) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലേക്കുള്ള സഞ്ചാരികളുടെ എണ്ണം വിദേശ വിനോദസഞ്ചാരികളടക്കം വലിയതോതിൽ, ഇരട്ടിയിലധികമായി വർധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിപുലമായ കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കാഴ്ചകൾ കാണുന്നതിനപ്പുറം സഞ്ചാരികൾക്ക് കേരളത്തിന്റെ സംസ്കൃതിയും ജീവിതരീതികളും നേരിട്ട് അനുഭവിച്ചറിയാൻ അവസരമൊരുക്കുന്ന അനുഭവാധിഷ്ഠിത ടൂറിസം (Experiential Tourism) വ്യാപകമാക്കുക, സാഹസിക വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകിക്കൊണ്ട് പുതിയ കേന്ദ്രങ്ങൾ വികസിപ്പിക്കുക, ഗ്രാമീണ ടൂറിസത്തിന് കരുത്തുപകരാൻ ഹോംസ്റ്റേകൾ നവീകരിക്കുക എന്നിവ ഇതിന്റെ പ്രധാന ഭാഗമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ആഗോളതലത്തിൽ പ്രചാരണം ശക്തമാക്കാനും ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. അതോടൊപ്പം പുതിയ ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. ഉത്തരവാദിത്ത ടൂറിസം (Responsible Tourism) മാതൃകയിലുള്ള സുസ്ഥിര നയങ്ങളിലൂടെ സഞ്ചാരികൾക്ക് സുരക്ഷിതവും നിലവാരമുള്ളതുമായ

യാത്രാനുഭവം ഉറപ്പാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വൈവിധ്യമാർന്ന മാർക്കറ്റിങ് ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രധാന പട്ടണങ്ങളിൽ ടൂറിസം വകുപ്പ് പാർട്ണർഷിപ്പ് മീറ്റുകൾ, ബി ടു ബി മീറ്റുകൾ, റോഡ് ഷോകൾ അങ്ങനെ പ്രധാന ടൂറിസം ട്രേഡ് ഫെയറുകളിലെ സാന്നിധ്യം എന്നിവയെല്ലാം ഉറപ്പിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കാൻ പരിശ്രമിക്കുന്നത്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊച്ചി തുറമുഖം എന്നിവയെ കോർത്തിണക്കി അന്താരാഷ്ട്ര തലത്തിലുള്ള ക്രൂയിസ് ടൂറിസം (Cruise Tourism) കേന്ദ്രങ്ങളും രാജ്യാന്തര ടൂറിസം സർക്യൂട്ടുകളും വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണുള്ളത്. വിഴിഞ്ഞത്ത് ഇമിഗ്രേഷൻ-കസ്റ്റംസ് സൗകര്യങ്ങൾ, ക്രൂയിസ് ടെർമിനൽ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ, വിസിറ്റർ സർവീസുകൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. കൂടാതെ, ഇവിടെ എത്തുന്ന അന്താരാഷ്ട്ര സഞ്ചാരികൾക്കായി കോവളം, വർക്കല, പത്മനാഭസ്വാമി ക്ഷേത്രം തുടങ്ങിയ പ്രധാനപ്പെട്ട പൈതൃക ടൂറിസം കേന്ദ്രങ്ങളിലേക്കും പൈതൃക-ബാക്ക്‌വാട്ടർ കേന്ദ്രങ്ങളിലേക്കും പ്രാദേശിക ഡേ-ടൂറുകളും (Day Tours) ഹെറിറ്റേജ് യാത്രകളും സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നു.

(സി) Be a Malayali for a Day എന്ന് പറയുന്നത്, Experiential Tourism-ന്റെ കാലമായതുകൊണ്ട് ഒരു ദിവസം മലയാളിയായി ജീവിച്ച് മടങ്ങാൻ സഞ്ചാരികളെ കേരളത്തിലേക്ക് ക്ഷണിക്കുന്നതാണ് ഈ പദ്ധതി. ഇതിന്റെ ഭാഗമായി നമ്മുടെ ഗ്രാമീണ ജീവിത രീതികളും പരമ്പരാഗതമായ സദ്യയും അതിന്റെ പാചകരീതികളും പ്രാദേശിക കലാരൂപങ്ങൾ, കരകൗശല നിർമ്മാണം എന്നിവയിൽ പങ്കാളികളാകാൻ സഞ്ചാരികൾക്ക് നമ്മൾ സൗകര്യം ഒരുക്കുകയാണ്. അതുവഴി പ്രാദേശിക കുടുംബങ്ങൾ, നാടൻ കലാകാരന്മാർ, കുടുംബശ്രീ പ്രവർത്തകർ, കരകൗശല വിദഗ്ധർ എന്നിവരെ നമ്മുടെ ടൂറിസം പദ്ധതിയുടെ ഭാഗമാക്കി ഉത്തരവാദിത്ത ടൂറിസത്തെ കൂടുതൽ ശക്തിപ്പെടുത്താനാണ് ലക്ഷ്യം വയ്ക്കുന്നത്.

അതിനുവേണ്ടി പ്രത്യേക പാക്കേജുകളും ഡിജിറ്റൽ മാർക്കറ്റിങ് വഴി ഇവയെല്ലാം ആഗോളതലത്തിൽ എത്തിക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്.

ശ്രീ. ടോണി ചമ്മണി: സർ, കേരളത്തെ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഇന്ത്യയിലെ ഏറ്റവും മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാക്കി മാറ്റുന്നതിനായി സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തന പദ്ധതികളും എന്തൊക്കെയാണ്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പ്രധാന കാര്യങ്ങൾ മുമ്പ് സൂചിപ്പിച്ചു. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിലെ ക്യാരിയിങ് കപ്പാസിറ്റി കഴിഞ്ഞിരിക്കുകയാണ്. കേരളം ഒരു പുതിയ ടൂറിസം ഡെസ്റ്റിനേഷന് സാധ്യതയുള്ള, പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച മനോഹരമായ ഒരു സ്ഥലമാണ്. പുതിയ ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആ ഡെസ്റ്റിനേഷനുകളെ മാർക്കറ്റ് ചെയ്ത് അവിടേക്ക് സഞ്ചാരികളെ എത്തിക്കാനാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

*15-10-2026*

*Question Hour*

ശ്രീ. ടോണി ചമ്മണി: സർ, ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി പ്രാദേശിക ജനങ്ങളിൽ കൂടുതൽ വരുമാനവും തൊഴിലവസരങ്ങളും ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഉത്തരവാദിത്ത ടൂറിസം പദ്ധതിതന്നെ കമ്മ്യൂണിറ്റി എൻഗേജ്മെന്റാണ്. ഇപ്പോൾ സഞ്ചാരികൾക്ക് ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ താമസിക്കുന്ന രീതിയല്ല പൊതുവെ സ്വീകരിക്കുന്നത്, മറിച്ച് അവർ ഗ്രാമങ്ങളിലാണ് താമസിക്കാൻ ആഗ്രഹിക്കുന്നത്. അവിടേയ്ക്കെത്തുന്ന സഞ്ചാരികളെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെടുത്തി അവരുടെ ആർട്ടും ക്രാഫ്റ്റും ജീവിതരീതികളും തൊഴിൽ രീതികളുമെല്ലാം സഞ്ചാരികൾക്ക് പരിചയപ്പെടുത്തി സഞ്ചാരികളെ അതിന്റെ ഭാഗമാക്കുന്ന പദ്ധതികളിൽക്കൂടി കൂടുതൽ ഗ്രാമീണ ജനതയെയും അവരുടെ സമ്പദ് വ്യവസ്ഥയെയും ടൂറിസം വഴി ശക്തിപ്പെടുത്താനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

*15-10-2026*

*Question Hour*

ശ്രീ. എം. വിൻസെന്റ്: സർ, ക്രൂയിസ് ടൂറിസത്തിന് കൂടുതൽ കരുത്ത് പകർന്ന് ടൂറിസം രംഗത്ത് ഇന്നോവേറ്റീവായ പദ്ധതികൾ നടപ്പാക്കുന്ന സംസ്ഥാന ടൂറിസം വകുപ്പിനെയും വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുന്നു. നിലവിൽ മാലിന്യസംസ്കരണം ഉൾപ്പെടെയുള്ള വ്യത്യസ്തമായ നിരവധി പ്രശ്നങ്ങൾ ഓരോ ഡെസ്റ്റിനേഷനുകളിലുമുണ്ട്. ഡെസ്റ്റിനേഷനുകൾ പരിപാലിക്കുന്നതിനും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി സർക്കാർ പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; കേരളത്തിലെ ആദ്യത്തെ ടൂറിസം ഡെസ്റ്റിനേഷനായ കോവളത്ത് നിലവിൽ അടിസ്ഥാനപരമായ നിരവധി പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ പലതവണ ഇക്കാര്യങ്ങളെക്കുറിച്ചുള്ള ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പ്രാഥമിക സൗകര്യങ്ങളില്ലാത്ത അവസ്ഥയും തെരുവ് വിളക്കുകൾ പ്രകാശിക്കാത്ത സാഹചര്യവുമാണ്. ഇക്കാര്യങ്ങളൊന്നുംതന്നെ പരിഹരിക്കപ്പെട്ടിട്ടില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ സഞ്ചാരികളെ കൂടുതൽ ആകർഷിക്കാനാകും. ഡെസ്റ്റിനേഷൻ പരിപാലനത്തിന് പ്രത്യേകം

സംവിധാനമുണ്ടോ; കോവളത്തെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച ബജറ്റിൽ ഗ്രീൻ മാർഷൽ എന്ന ഒരു പുതിയ പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഡെസ്റ്റിനേഷനുകളുടെ പരിപാലനത്തിനായി ടൂറിസം വകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. പലപ്പോഴും ഡെസ്റ്റിനേഷനുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ചുമതലപ്പെട്ട ആളുകളുടെ അഭാവമുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ആവശ്യമായ ടോയ്‌ലറ്റ് സംവിധാനങ്ങളുടെ അഭാവം, തെരുവ് വിളക്കുകൾ കത്തുന്നില്ലെന്ന പ്രശ്നം, പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടുന്ന വിഷയം, സഞ്ചാരികളോടുള്ള പെരുമാറ്റവുമായി ബന്ധപ്പെട്ട ലോക്കൽ ഇഷ്യൂസ് തുടങ്ങിയവയെല്ലാം പരിശോധിക്കാനും നേരിട്ട് ഇടപെടാനും ടൂറിസം വകുപ്പിന്റെ ഒരു ചുമതലക്കാരനുണ്ടാകണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രീൻ മാർഷൽ എന്ന പുതിയ പദ്ധതി ആരംഭിച്ചിട്ടുള്ളത്. പൈലറ്റ് പ്രോജക്ടായി നടപ്പാക്കുമ്പോൾ കേരളത്തിലെ

ആദ്യത്തെ ടൂറിസം ഡെസ്റ്റിനേഷനെന്ന നിലയിൽ കോവളത്തെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ, മൂന്നാർ, വയനാട്, ഫോർട്ട് കൊച്ചി എന്നീ പ്രദേശങ്ങളിലും പൈലറ്റ് പ്രോജക്ടായി ഇത് നടപ്പാക്കുന്നുണ്ട്. തുടർന്ന് മറ്റ് ഡെസ്റ്റിനേഷനുകളിലേക്കും ഇത് വ്യാപിപ്പിക്കും. ആദ്യഘട്ടത്തിൽ 162 പേരെ ഗ്രീൻ മാർഷൽസായി നിയമിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. വി. എസ്. ജോയി</u>: സർ, ആഗോളരംഗത്ത് അതിവേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥകളെല്ലാം ടൂറിസത്തെ ആശ്രയിച്ചാണ് വളർച്ച കൈവരിച്ചുകൊണ്ടിരിക്കുന്നത്. ആഗോളടൂറിസം ഹബ്ബുകളായി അറിയപ്പെടുന്ന രാജ്യങ്ങളൊക്കെ മനുഷ്യനിർമ്മിത അത്ഭുതങ്ങളാൽ സഞ്ചാരികളെ ആകർഷിക്കുമ്പോൾ, സ്വാഭാവികമായും ഒരുപാട് സാധ്യതകളുള്ള ഒരു നാടാണ് കേരളം. ഇവിടെ പ്രകൃതിഭംഗിയും പാരമ്പര്യവും പൈതൃകവുമുണ്ട്. മഞ്ഞ് പെയ്യുന്ന മനോഹരമായ മലഞ്ചെരിവും കണ്ണഞ്ചിപ്പിക്കുന്ന കടൽതീരങ്ങളും കായലുകളുമുണ്ട്. പാരമ്പര്യത്തിന്റെ കാര്യത്തിലാണെങ്കിൽ കേരളം ആയുർവേദത്തിന്റെ പറുദീസയാണ്.

വെൽനെസ് ടൂറിസത്തിന് ഒരുപാട് സാധ്യതകളുണ്ട്. കൂടാതെ നമുക്ക് ഒട്ടേറെ പൈതൃക കലാരൂപങ്ങളുമുണ്ട്. അങ്ങേയ്ക്ക് സാംസ്കാരിക വകുപ്പിന്റെകൂടെ ചുമതലയുള്ളതിനാൽ ഇവയെല്ലാം ഒരു കുടക്കീഴിലായ സാഹചര്യത്തിൽ, പ്രകൃതി ഭംഗിയേയും പാരമ്പര്യത്തേയും പൈതൃകത്തേയും സമന്വയിപ്പിച്ചുകൊണ്ട് പുതിയ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ആയുർവേദം എന്നത് കോമ്പറ്റീഷനില്ലാത്ത ഒരു ടൂറിസം പ്രോഡക്റ്റാണ്. കേരളത്തിന്റെ ആയുർവേദവുമായി മത്സരിക്കാൻ കഴിയുന്ന ഒരു കാര്യവും ലോകത്തെവിടെയുമില്ല. കേരളം - ഹോം ഓഫ് ഓതെന്റിക് ആയുർവേദ എന്ന പേരിലൊരു ആഗോള പ്രചാരണം നടത്താൻ കേരളം ടൂറിസം വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. ആയുർവേദം പലരും പല സ്ഥലത്തും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓതന്റിക് ആയുർവേദത്തിന്റെ എക്സ്പീരിയൻസ് ലഭിക്കണമെങ്കിൽ കേരളത്തിൽതന്നെ വരണമെന്ന തരത്തിലുള്ള ഒരു അന്തർദേശീയ പ്രചാരണം ലക്ഷ്യം വയ്ക്കുന്നുണ്ട്.

അതോടൊപ്പം അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ കലയെയും സംസ്കാരത്തെയും ആയുർവേദത്തെയും സംയോജിപ്പിക്കുന്ന ഒരു ടൂറിസം പദ്ധതിയായിരിക്കും അതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നത്.

<u>ശ്രീ. നീലകണ്ഠൻ</u>: സർ, കേരളത്തിലേക്ക് കൂടുതൽ ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിലേക്കായി സർക്കാർ സ്വീകരിച്ചിട്ടുള്ള പുതിയ നടപടികൾ എന്തൊക്കെയാണ്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എക്സ്പീരിയൻഷ്യൽ ടൂറിസത്തിന്റെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ച് ആദ്യംതന്നെ വിശദീകരിച്ചിരുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായി കഴിഞ്ഞ ദിവസം ഒരു മീറ്റിങ് സംഘടിപ്പിച്ചിരുന്നു. പല സ്ഥലങ്ങളിലും അതായത്, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ അബാൻഡന്റായ പ്രോപ്പർട്ടികളിൽ ഫാം ടൂറിസം പദ്ധതിയടക്കം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ ഇങ്ങോട്ട് ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചർച്ച നടത്തുകയും ചെയ്തു. പല സ്ഥലങ്ങളിലും ഇത് നടപ്പാക്കാൻ കഴിയുമെന്നാണ്

മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ അനുയോജ്യമായ സ്ഥലങ്ങൾ നിർദേശിക്കുകയാണെങ്കിൽ, ടൂറിസം ഡിപ്പാർട്ട്മെന്റ് ഇൻഷ്യേറ്റീവെടുത്ത് ഫാം ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികൾ അത്തരം സ്ഥലങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. എം. വിജിൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ കുപ്പം-മംഗലശ്ശേരി പുഴയിൽ വർഷങ്ങളായി നടത്തിവരുന്ന മലബാർ ജലോത്സവം ഇത്തവണ മലബാർ മേഖലയിൽ നടന്ന ഏക മലബാർ ജലോത്സവമാണ്. പതിനായിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന ഈ മലബാർ ജലോത്സവത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; കൂടാതെ ടൂറിസം രംഗത്ത് വകുപ്പിന്റെ അകമഴിഞ്ഞ സഹായമാണ് ഇത്തരം വള്ളംകളികളുടെ വിജയം. മുൻകാലങ്ങളിൽ സർക്കാർ വലിയ രീതിയിലുള്ള സഹായം നൽകിയിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലുള്ളതാണ്. ഈ വർഷം ജലോത്സവത്തിന് സഹായം അനുവദിക്കുമോ?

*15-10-2026*

*Question Hour*

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ജലോത്സവത്തിന് ഈ വർഷവും സർക്കാരിന്റെ സാമ്പത്തിക സഹായമുണ്ടാകും. ജലോത്സവങ്ങൾക്ക് സർക്കാർ പൊതുവെ പിന്തുണ നൽകുന്നുണ്ട്. അത് വലിയ തോതിൽ ടൂറിസത്തെ സഹായിക്കുന്നുമുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ടൂറിസം ആഗോളതലത്തിലും ദേശീയ തലത്തിലും കേരളത്തിന്റെ ഭൂപടത്തിൽ ഇടം പിടിച്ചിരിക്കുകയാണ്. വയനാട് ജില്ലയിൽ ഗവൺമെന്റ് പ്രഖ്യാപിച്ച 'ബ്രാൻഡ് വയനാട്' എന്ന ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി ടൂറിസം സാധ്യതകളുണ്ട്. അതിനൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. പല ടൂറിസ്റ്റ് കേന്ദ്രങ്ങളും ഇപ്പോൾ നിയന്ത്രണാടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. എടയ്ക്കൽ ഗുഹ എന്നത് സാധാരണ 1000 മുതൽ 4000 വരെ ടൂറിസ്റ്റുകൾ വന്നുപോകുന്ന ഒരു ഇടമായിരുന്നു. ഇപ്പോൾ ഒരു ദിവസം അത് 1920 എണ്ണമായി കുറച്ചു. കുറുവ ദ്വീപിൽ 2000 മുതൽ 3000 ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന മേഖലയായിരുന്നു. അത് 1000 പേരായി കുറച്ചു. ഇത്തരം നിയന്ത്രണങ്ങൾ ഒഴിവാക്കി ടൂറിസ്റ്റുകൾക്ക് അതത് സ്ഥലങ്ങളുമായി കൂടുതൽ ഇടപെടലുകൾ

നടത്താനും കാഴ്ചകൾ ആസ്വദിക്കാനുമുള്ള സാഹചര്യമുണ്ടാക്കണം. കൂടാതെ വയനാടിനുവേണ്ടി ട്രൈബൽ ടൂറിസം, ഇക്കോ ടൂറിസം, പൈതൃക ടൂറിസം, ആഭ്യന്തര ടൂറിസം എന്നിവയെല്ലാം കോർത്തിണക്കി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തയ്യാറാകുമോ?

മി. സ്പീക്കർ: ചോദ്യത്തിന്റെ ദൈർഘ്യം കൂടുന്തോറും ചോദിക്കാൻ അവസരം ലഭിക്കുന്ന അംഗങ്ങളുടെ എണ്ണം കുറയും. അതുകൊണ്ട് ലഘുവായി ചോദ്യങ്ങൾ ചോദിച്ചാൽ കൂടുതൽ അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ കഴിയും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബ്രാൻഡ് വയനാട് എന്ന പദ്ധതി വയനാട് എം.പി. ശ്രീമതി പ്രിയങ്കാ ഗാന്ധി പ്രത്യേക താൽപര്യമെടുത്ത ഒരു പദ്ധതിയാണ്. മുണ്ടക്കൈ - ചൂരൽമല ദുരന്തത്തിനുശേഷം വയനാടിന്റെ ടൂറിസത്തെ കൂടുതലായി പ്രൊമോട്ട് ചെയ്യണമെന്ന താൽപര്യത്തിലാണ് ബ്രാൻഡ് വയനാട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഒക്ടോബർ 6-ാം തീയതി ബ്രാൻഡ് വയനാടിന്റെ കർട്ടൺ റൈസർ നടക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങിൽ ചെറുവയൽ രാമനെ

കേരളസർക്കാർ ആദരിക്കുകയുണ്ടായി. അപ്രതീക്ഷിതമായിരുന്നു അദ്ദേഹത്തിന്റെ നഷ്ടം. കേരളനിയമസഭയിൽ, കേരളത്തിനുവേണ്ടി അദ്ദേഹത്തെ ഓർമ്മിക്കാനും അദ്ദേഹത്തിന്റെ സംഭാവനകളെ അനുസ്മരിക്കാനും ഈ അവസരം ഉപയോഗിക്കുകയാണ്. ബ്രാൻഡ് വയനാടിനുവേണ്ടി വലിയൊരു മാസ്റ്റർ പ്ലാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുമായും ചർച്ച ചെയ്യേണ്ടതുണ്ട്. വയനാട് മാത്രമല്ല, മലബാറിലെ പ്രദേശങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ട്. അതായത്, മലബാറിനുവേണ്ടിയുള്ള വലിയൊരു മാസ്റ്റർ പ്ലാൻ ബ്രാൻഡ് വയനാട് പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, കഴിഞ്ഞ ഉപതിരഞ്ഞെടുപ്പ് സമയത്ത് എന്റെ നിയോജകമണ്ഡലമായ ചേലക്കരയിൽ നമ്മുടെ സഭയിലുള്ള ഒട്ടേറെ അംഗങ്ങൾ അവിടെ വന്നുപോയിട്ടുണ്ട്. അവരെല്ലാം മനസ്സ് അവിടെയിറക്കി വച്ച് പോന്നിട്ടുള്ളവരാണ്. അത്രയും ഗ്രാമീണഭംഗിയുള്ള ഒരു നിയോജകമണ്ഡലമാണത്. ടൂറിസവുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ ആ പ്രദേശത്ത് കാണാൻ കഴിയും. കുത്താമ്പുള്ളി കൈത്തറി...

*15-10-2026*

*Question Hour*

മി. സ്പീക്കർ: ശ്രീ. യു. ആർ. പ്രദീപ്.. വേഗം ചോദ്യത്തിലേക്കെത്തണം.. ഇനി രണ്ട് മിനിട്ടേയുള്ളൂ.. റിക്വസ്റ്റുകൾ കൂടുതലുണ്ട്..

ശ്രീ. യു. ആർ. പ്രദീപ്: സർ, അവിടെ കാണാനായി അത്ഭുതകരമായ കാഴ്ചകളുള്ള സ്ഥലങ്ങളുണ്ട്. ചേലക്കരയെ ഒരു ടൂറിസം ഹബ്ബാക്കി മാറ്റാൻ കഴിയുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, തീർച്ചയായും അക്കാര്യം പരിശോധിക്കാം.

ശ്രീ. സി. ആർ. മഹേഷ്: സർ, കലയും സാംസ്കാരികവും ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ വകുപ്പുതന്നെയാണ്. ടൂറിസവുമായി ബന്ധപ്പെട്ട് നമ്മുടെ പാരമ്പര്യ കലകളെയും മറ്റുപ്രചാരത്തിലുള്ള കലകളെയും ബന്ധപ്പെടുത്തി, ടൂറിസ്റ്റുകൾക്ക് നാടകങ്ങൾ, കഥകളി തുടങ്ങിയ കലകൾകൂടി പരിചയപ്പെടുത്തിയാൽ രണ്ട് മേഖലകൾക്കും ഇത് ഗുണകരമാകും. അതിനുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

*15-10-2026*

*Question Hour*

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, വളരെ നല്ലൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കലാകാരന്മാരെ എംപാനൽ ചെയ്ത് ഡെസ്റ്റിനേഷനുകളിൽ അവരുടെ കലാപരിപാടികൾ അവതരിപ്പിക്കാനുള്ള ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. ഒരേസമയം കലാകാരന്മാർക്ക് വരുമാനവും ടൂറിസ്റ്റുകൾക്ക് ഇത്തരം കലകൾ അനുഭവിക്കാനുള്ള അവസരവും ഉണ്ടാകും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ടൂറിസം പദ്ധതികൾക്ക് ഏറ്റവും സാധ്യതയുള്ള സ്ഥലമാണ് ആലുവ. ഇവിടെ പുതിയ പദ്ധതികളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് ഇക്കാര്യം പറയുന്നത്. എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ, മെട്രോ അതുപോലെ നാഷണൽ ഹൈവേ എന്നിവയെല്ലാം അവിടെയുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ അവിടെയാണ് താമസിക്കുന്നത്. ആലുവ എയർപോർട്ടിൽനിന്നും പെരിയാറിന് കുറുകെ ഒരു തൂക്കുപാലംവഴി ശിവരാത്രി മണപ്പുറത്ത് എത്തുകയും അവിടെനിന്നും ബോട്ടിൽ സഞ്ചരിച്ച് സീഡ് ഫാമിൽ പോയശേഷം.......മണപ്പുറത്തെത്തി, അവിടെനിന്നും റോപ്‌വേ വഴി ആലുവ-പെരുമ്പാവൂരിൽ എത്തുന്ന ഒരു

പുതിയ ടൂറിസം പദ്ധതിക്ക് ഒരു ടൂറിസം സർക്ക്യൂട്ട് എന്ന നിലയിൽ വളരെയധികം സാധ്യതയുണ്ട്. സംസ്ഥാന ടൂറിസം വകുപ്പ് പ്രത്യേക താൽപ്പര്യമെടുത്ത് ഈ പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഉത്തരത്തിൽ പറയേണ്ട കാര്യങ്ങളെല്ലാം ചോദ്യത്തിലുണ്ടായിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ആലോചിച്ച് ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം കൃത്യമായി പരിശോധിച്ച് ഒരു ടൂറിസം സർക്യൂട്ടിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീമതി ഫാത്തിമ തഹ്‌ലിയ: സർ, ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ നമുക്കെല്ലാവർക്കും 'ചിരം' എന്ന സിനിമ കാണാനുള്ള അവസരം ലഭിച്ചിരുന്നു. ആ സിനിമയിലുടനീളം ഒരു കാടിന്റെ ഭംഗിയും അത് ആവിഷ്കരിച്ചിട്ടുള്ള അനുഭവങ്ങളെക്കുറിച്ചും പറയുകയുണ്ടായി. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ നൽകിയ മറുപടിയിൽ എക്സ്പീരിയൻഷ്യൽ ടൂറിസം എന്നൊരു വാക്ക് ഉപയോഗിച്ചിരുന്നു. യഥാർത്ഥത്തിൽ അതിനെ മറ്റൊരു തലത്തിൽ കൊണ്ടുപോയി, ഫോറസ്റ്റ് ബാത്തിങ് എന്ന ജാപ്പനീസ് കോൺസെപ്റ്റിന്റെ തലത്തിൽ ചിന്തിക്കാൻ

സാധിക്കുമോ; എന്റെ നിയോജകമണ്ഡലത്തിലെ പെരുവണ്ണാമൂഴിയിൽ പ്ലാന്റേഷൻ ടൂറിസം, ഫോറസ്റ്റ് ടൂറിസം എന്നിവയ്ക്ക് ഉൾപ്പെടെയുള്ള സാധ്യതകളുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഫോറസ്റ്റ് ബാത്തിങ് ഉൾപ്പെടെയുള്ള കാര്യങ്ങൾ എക്സ്പീരിയൻഷ്യൽ ടൂറിസത്തിൽ വരുന്നുണ്ട്. അതെല്ലാം സീരിയസായി പരിഗണിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)